9. 1984–85, 1985–86 എന്നീ വർഷങ്ങളിലെ എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ധനകാര്യ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി 8–ന്റെ ചെയർമാനുമായ ഞാൻ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 1985 മാർച്ച് 31 വരെയും 1986 മാർച്ച് 31 വരെയുമുള്ള കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

10. 1984–85, 1985–86 എന്നീ വർഷങ്ങളിലെ ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, തദ്ദേശ സ്വയം ഭരണം, സഹകരണം തുടങ്ങിയവയെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി 9–ന്റെ ചെയർമാനായ ഞാൻ 1984–85, 1985–86 എന്നീ വർഷങ്ങളിലേക്കുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

11. 1984–85, 1985–86എന്നീ വർഷങ്ങളിലെ പത്താം സബ്ജക്ട് കമ്മിറ്റിയുടെ ആനുകാലിക റിപ്പോർട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, ആഭ്യന്തര കാര്യങ്ങളെ സംബന്ധിച്ച 10–ാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ മുഖ്യമന്ത്രിക്കുവേണ്ടി അതിലെ അംഗമായ ഞാൻ 1984–85, 1985–86 എന്നീ വർഷങ്ങളിലേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VII. നിയമ നിർമ്മാണകാര്യം

1986–ലെ കേരള ധനകാര്യബിൽ

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986–ലെ കേരളാ ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, വിയോജനക്കുറിപ്പിൽ ഈ ബില്ല് പിൻവലിക്കണമെന്ന് എഴുതിയിട്ടില്ലെങ്കിലും, ഈ ബില്ല് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ബില്ല് പിൻവലിക്കണമെന്ന് പറയുന്നതിന്റെ ഒരു കാരണം 20 കോടി രൂപയുടെ കാര്യം. വെറും കടലാസ്സിൽ ജല രേഖയിൽ കിടക്കുകയാണ്. അതിന് ഒരു അനേഷണം നടത്തണം. കളക്ടർമാരുടേയും, ബാക്കിയെല്ലാവരുടേയും റിപ്പോർട്ട് അതിന് വേണം. അതിന് ശേഷം സ്റ്റാഫ് ഡ്യൂട്ടിയെ സംബന്ധിച്ചുള്ള മറ്റ് നടപടികൾ എടുക്കണം. ഏതായാലും 1986–87-ൽ പൈസ പിരിക്കാനുള്ള സാഹചര്യം ഇന്നത്തെ നിലയിൽ ഈ ബില്ലിൽ കൊണ്ടുവന്നിട്ടില്ല. അതാണ് ഒന്നാമത്തേത്. രണ്ടാമത്തേത് അഞ്ചു കോടി രൂപയുടെ ലോട്ടറി. അത് ഞാൻ ഡിസന്റിംഗ് നോട്ടിൽ എഴുതിയിട്ടുണ്ട്. സാധാരണ നിയമസഭയിൽ അനൗൺസ് ചെയ്യുന്നതായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള ടാക്സേഷനെ സംബന്ധിച്ച് ഏതെങ്കിലും ഒരു ഇളവ് വേണം എന്ന് വയ്ക്കുന്നതു് സാധാരണ നിലയിൽ ഫിനാൻസ് മിനിസ്റ്റർ തന്നെ ഈ നിയമസഭയിൽ അനൗൺസ് ചെയ്യുകയാണു്. അല്ലാതെ പുറത്തു പോയി ബന്ധപ്പെട്ടവരുമായി എഗ്രിമെൻറുണ്ടാക്കിക്കഴിഞ്ഞിട്ട് ഞാൻ ഇങ്ങനെ ഇളവ് ചെയ്തിരിക്കുന്നു എന്ന വിധത്തിൽ പ്രഖ്യാപിക്കുന്നതു് നമ്മുടെ സംസ്ഥാനത്തിലോ കേന്ദ്ര പാലർമെൻറിലോ മറ്റ് സംസ്ഥാനങ്ങളിലോ ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഏതായാലും 5 കോടിരൂപ അങ്ങനെ പോയി. ആകെ ഇരുപത്തിയേഴര കോടി രൂപയുടെ വരുമാനമാണുള്ളതു്. ".....P.V.C. Cloth, Water proof cloth, Rexin, and their products and tarpauline" എന്നിവയ്ക്ക് ടാക്സ് വർദ്ധിപ്പിച്ചിരിക്കുകയാണു്. ടാക്സ് വർദ്ധിപ്പിക്കാത്ത വിധത്തിലുള്ള ഒരു നടപടിയിലേക്ക് അല്ലേ നിങ്ങൾ ഇപ്പോൾ നീങ്ങിയിരിക്കുന്നതു്. 1984-ൽ ഇതിന് ടാക്സ് ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു നിയമനിർമ്മാണം ഇവിടെ വന്ന അവസരത്തിൽ അന്ന് സഭയുടേയും, മന്ത്രിസഭയുടേയും മുൻപിൽ ഞങ്ങൾ ആ വസ്തുത ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണു്. Sugar, Tobacco, and Cloth എന്നീ മൂന്ന് ഐറ്റംസിനു് സംസ്ഥാന സെയിൽസ് ടാക്സ് പിരിച്ചു കൊണ്ടിരുന്നതാണു്. അതിന് എക്സൈസ് ഡ്യൂട്ടി ചുമത്തി. ആ ഐറ്റങ്ങളിൽപ്പെടുന്ന സാധനങ്ങൾ എന്നുള്ള നിലയിൽ അതിനേറെതായിട്ടുള്ള വകഭേദങ്ങളാണു്. ഇത് ഹൈക്കോടതി വിധിച്ച വകഭേദങ്ങളാണു്. ഇതിന് അഡീഷണൽ എക്സൈസ് ഡ്യൂട്ടിയുള്ളതാണു്. അതുകൊണ്ട് സെയിൽസ്ടാക്സ് പിരിക്കാൻ നിവൃത്തിയില്ല എന്നുള്ള നിലയിൽ 1983-ൽ കോടതി വിധിയുണ്ട്. 1984-ൽ മറ്റു വിധത്തിൽ സെയിൽസ് ടാക്സ് വർദ്ധിപ്പിച്ചുകൊണ്ടുള്ള നിയമനിർമ്മാണം വന്നു. ആ നിയമനിർമ്മാണം വഴി ഇന്നുവരെ നാലുകൊച്ചു കാശുപോലും ഈ ഐറ്റത്തിന് ലഭിച്ചിട്ടില്ല. 1984-85-ൽ പിരിച്ചില്ല. 1985-86-ൽ പിരിക്കാൻ പോകുന്നില്ല. കാരണം ഈ കേസ് സുപ്രീം കോടതിയിൽ കിടക്കുകയാണ്. ഇനിയും ടാക്സ് പിരിക്കാൻ പോകുന്നില്ല. ഇനി എത്രയാണ് പിരിക്കാൻ പോകുന്നതെന്നറിയാമോ? നിങ്ങൾ ഒരു പക്ഷേ പറയുമായിരിക്കും ആദ്യത്തെ ഐറ്റം 'എ' യിൽ ഫോറിൻ ലിക്കറാണു്. ഞങ്ങൾക്കതിൽ വിരോധമില്ല. നിങ്ങൾ 55-ഓ അറുപതോ, നൂറോ പിരിച്ചുകൊള്ളുക. ഞങ്ങൾക്ക് അതിൽ വിരോധമില്ല. അതുപോലെ തന്നെ നോക്കുകയാണെങ്കിൽ അടുത്തതായി ഏവിയേഷൻ ടർബൈൻ ഫ്യുവലിൻറെ അതിനും ഞങ്ങൾക്ക് വിരോധമില്ല. പിന്നെ ജറ്റ്, പെട്രോൾ ഈ മൂന്ന് ഐറ്റംസിനും ഞങ്ങൾക്ക് ആർക്കും യാതൊരു വിരോധവുമില്ല. എത്ര പൈസയാണ് പി.വി.സി. ക്ലോത്തിൽ നിന്നും വാട്ടർ പ്രൂഫ് ക്ലോത്തിൽനിന്നും ഒക്കെ നിങ്ങൾ പ്രതീക്ഷിക്കുന്നതു്. ബാക്കിയുള്ളതു് സാധാരണക്കാരനെ ബാധിക്കത്തക്കവിധത്തിലുള്ള ഐറ്റമാണു്. ഇവിടെ പുതിയ ധനകാര്യ വകുപ്പുമന്ത്രി ഒരു സ്റ്റേറ്റ്മെൻറ് നടത്തി. അത്, ബഡ്ജറ്റ് കമ്മിയാണോ, മിച്ചമാണോ എന്ന തർക്കത്തെ സംബന്ധിച്ചുള്ളതാണു്. അതിൻറെ അവസാനം പറഞ്ഞിരിക്കുന്നതു്, റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തിയും, സമ്പാദ്യ പദ്ധതിയിലൂടെ നിക്ഷേപം സമാഹരിച്ചും കേന്ദ്രത്തിൽ നിന്ന് കൂടുതൽ വിഹിതം പ്രതീക്ഷിച്ചും ഈ വർഷത്തെ ഇന്നത്തെ സാമ്പത്തിക നില കമ്മിറ്റിയില്ലാതെ ഭദ്രമാക്കണമെന്നാണ് എൻറെ പ്രതീക്ഷ. അത് തന്നെയാണ് പുതിയ ധനകാര്യ വകുപ്പു മന്ത്രിയുടേയും പ്രതീക്ഷ. ഈ പ്രതീക്ഷ സാക്ഷാൽകരിക്കാൻ ഈ സഭയിലെ എല്ലാ അംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കണം എന്ന് അദ്ദേഹം അഭ്യർത്ഥിക്കുകയും ചെയ്തു. റവന്യൂ പിരിവ്

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികളും എടുത്തിട്ടുണ്ടെന്നൊക്കെയാണ് പറഞ്ഞത്. റബ്ബർ കച്ചവടക്കാർ ഇവിടെ നിന്ന് സാധനങ്ങൾ കയറ്റി കർഷകരാണെന്നുള്ള വ്യാജേന പുറത്തു കൊണ്ടു പോകാതിരിക്കാനുള്ള നടപടിയായി ചെക്ക്പോസ്റ്റുകളും ഊർജ്ജിതപ്പെടുത്തുക, എന്നുള്ളതാണ് ഒരു കാര്യം. ഇന്ന് രണ്ട് മൂന്ന് ലക്ഷം രൂപ ഉണ്ടായിരുന്ന സെയിൽസ്ടാക്സ് നികുതി, അതിന്റെ അസ്സസ്മെന്റ് പൂർത്തിയാക്കാതെ കൊല്ലങ്ങളായി കിടന്നിരുന്നതായിട്ടുള്ള ആ നികുതികളും, ഈടാക്കുന്നതിനുവേണ്ടിയുള്ള നടപടികളും . ഉദ്യോഗസ്ഥമാർ ഊർജിതമായി നടപ്പിലാക്കണമെങ്കിൽ സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാരും അവരുടെ അസോസിയേഷനും ഒക്കെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കുറച്ചു കൂടി സ്റ്റാഫ് കൊടുത്ത് അവരെ കൊണ്ട് ഫലപ്രദമായി പ്രവർത്തിപ്പിക്കാനുള്ള നടപടികളും കൈക്കൊള്ളണം.

പിന്നെ സമ്പാദ്യ പദ്ധതികളെക്കുറിച്ചാണ് പറയാനുള്ളത്. 100 കോടി രൂപ പിരിക്കാൻ പോകുന്നുവെന്ന് പറയുകയുണ്ടായി. സാധാരണ അംഗങ്ങൾ മന്ത്രിമാർ ആയിക്കഴിഞ്ഞാൽ പുറത്തുള്ള സ്ഥാപനത്തിന്റെയൊന്നും ചെയർമാൻ ആകുകയില്ല. പക്ഷേ തച്ചടി സ്റ്റേറ്റ് കോവാപ്പറേറ്റീവ് ബാങ്കിന്റെ ചെയർമാനായിട്ട് തന്നെ ഇരിക്കുകയാണ്. അതിൽ ആർക്കും വിരോധമില്ല. കാരണം ഈ മന്ത്രിസഭ എത്ര ദിവസം ഇരിക്കുമെന്ന് നമുക്ക് എങ്ങനെ അറിയാം. അതുകൊണ്ട് ഒന്നും വിട്ടുകൊടുക്കരുത്. ഏതായാലും ഇതെല്ലാം കയ്യിലിരിക്കുന്ന സ്ഥിതിക്ക് 100 കോടി രൂപ പിരിച്ചുണ്ടാക്കുമെന്നും കേന്ദ്രത്തിൽ നിന്നും കൂടുതൽ വിഹിതം പ്രതീക്ഷിക്കുന്നുവെന്നും പറഞ്ഞു. ഞാൻ ബഡ്ജറിൽ നോക്കിയപ്പോൾ കഴിഞ്ഞ കൊല്ലം 240 കോടിരൂപയാണ് നമുക്ക് തന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ ഈ കൊല്ലം ബഡ്ജറിൽ കൊള്ളിച്ചത് 140 കോടി മാത്രമേയുള്ളൂ. അത് ബഹുമാനപ്പെട്ട തച്ചടി നോക്കിക്കാണുമെന്ന് ഞാൻ വിചാരിക്കുന്നു. ഒരുപക്ഷേ നിങ്ങൾ പറയുമായിരിക്കും ഫ്ളഡ്ഡിന്റെയോ, മറ്റ് വിധത്തിലുള്ള പൈസയും ഒന്നും കൂടി ചേർത്തല്ലാ ഇവിടെ പറയുന്നതെന്ന്. എന്നു വച്ചാൽ അന്ന് 240 കോടി രൂപയാണ് നിങ്ങൾക്ക് ഓവർഡ്രാഫ്റ്റിന്റെ മൂർദ്ധന്യത്തിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി തുറന്നുതന്നത്—മീഡിയം ടേം ലോൺ ആയിട്ട് കൺവർട്ട് ചെയ്താണ്. ഇതിനും പുറമേ നിങ്ങൾക്ക് കഴിഞ്ഞ പ്രാവശ്യം ഡ്രാൻ അഡ്വാൻസും തന്നിട്ടുണ്ട്. അതും കടമാണ്. ഏതായാലും, ലോൺ എന്ന നിലയിൽ കഴിഞ്ഞ പ്രാവശ്യം കുറെ രൂപ തന്നു. ഈ പ്രാവശ്യം നിങ്ങളുടെ ബഡ്ജറിൽ കൊള്ളിച്ചിരിക്കുന്നത് 140 കോടി മാത്രമേയുള്ളൂ. കൂടുതൽ വാങ്ങിക്കാം. അങ്ങനെ വാങ്ങുന്ന സ്ഥിതിക്ക് ബഡ്ജറ് കമ്മിയോ, മിച്ചമോ എന്നൊക്കെ പറഞ്ഞ് തച്ചടി ആരെയും പിണക്കുകയില്ല.

നമ്മൾ ഡാൺകവിക്സോട്ടിനെക്കുറിച്ച് കേട്ടിട്ടുണ്ടല്ലോ. "much might be said on both the sides" എന്നു പറയുന്നതുപോലെ ഞങ്ങൾക്ക് ഒരു അവാർഡ് വിധി തന്നിരിക്കുകയാണ്. രണ്ടുവശവും പറയാം. ബഡ്ജറ് കമ്മിയാണെന്നും പറയാം. മിച്ചമാണെന്നും പറയാം. അങ്ങനെയുള്ള ഒരു സ്റ്റേറ്റ്മെൻറാണ് അദ്ദേഹം ഇവിടെ തന്നിട്ടുള്ളത്. എനിക്ക് തോന്നുന്നത്, കഴിഞ്ഞ ദിവസം ശ്രീ. മാണിയുടെ അടുത്തിരുന്ന് ഷർട്ടിൽ പിടിക്കുന്നതു കണ്ടു. അതുകൊണ്ടായിരിക്കും പഴയ ധനകാര്യമന്ത്രി പറഞ്ഞിരിക്കുന്നത് ശരിയാണെന്ന് പറഞ്ഞത്. അല്ലെങ്കിൽ പറയുകയില്ലായിരുന്നു. കാരണം ബഡ്ജറ് നോക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം തന്ന കണക്കനുസരിച്ച് അറുപതുകോടി രൂപകൂടിയുണ്ടെങ്കിലേ പതിനഞ്ചിൽ ചിലപ്പോൾ കോടി രൂപ മിച്ചമാണെന്ന് പറയാൻ കഴിയുകയുള്ളു. എന്തായാലും 60 കോടി രൂപ ഇവിടത്തെ കോൺട്രാക്ടർമാർക്ക് കൊടുത്തെങ്കിലേ എം.എൽ.എ. റോഡുകളുംപ്പെടെയുള്ളവയുടെ പണികളും ഈ നാട്ടിൽ നടത്താൻ പറ്റുകയുള്ളൂ. അതുപോലെ ഓണത്തിനുമുമ്പ് എത്ര അനൗൺസുമെൻറാണ് നടത്തിയത്? കഴിഞ്ഞ ദിവസം, ''പുത്തൻ പെണ്ണ് പുരപ്പുറം തൂക്കുമെന്ന്'' പറയുന്നതുപോലെ നമ്മുടെ ധനകാര്യ മന്ത്രി ചോദിക്കുന്നവർക്കൊക്കെ കൊടുക്കുമെന്നു പറഞ്ഞു. ഇന്ന് ആരൊക്കെയോ പാലങ്ങളുടെ കാര്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ അതിന് വേണ്ട നടപടികളെടുക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എനിക്ക് പള്ളിത്തോട് പാലത്തിനും കാശ് തരണം. അതിന് ബഡ്ജറ്റിൽ പണം കൊള്ളിച്ചിട്ടുണ്ടെന്നൊക്കെ പി.ഡബ്ലിയു.ഡി. മന്ത്രി പറഞ്ഞു. ഞാൻ നോക്കി, എന്റെ കണ്ണ് കുഴഞ്ഞതല്ലാതെ അതിലൊന്നും ഞാൻ കണ്ടില്ല. അതിന്റെ എസ്റ്റിമേറ് ഇവിടെ വന്നു കിടക്കുകയാണ്. തീർന്ന റോഡുകളും അതിനുവേണ്ടിയുള്ള പാലങ്ങളും—ഇങ്ങനെ നിങ്ങളും കൊടുക്കുവാൻ പോകുന്നതായിട്ടുള്ള അനേകം വാഗ്ദാനങ്ങളുടെ പണമൊന്നും ഞാൻ കൂട്ടുന്നില്ല. അതുപോലെ കർഷകത്തൊഴിലാളി പെൻഷനും മറ്റു പെൻഷനുകളെല്ലാംകൂടി ചേർത്താൽ കമ്മി മിച്ചമാകാൻ പോവുകയാണ്! ഇങ്ങനെ മിച്ചമാകാൻ പോകുന്നതിൽ, രണ്ടുകോടി രൂപ പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ കയ്യിട്ടുണ്ടാക്കണോ? നിങ്ങളിവിടെ പിരിക്കാൻ പോകുന്നത് ..... All metallic products—articles made of iron or steel in combination with other metals.... അതാണ്. എനിക്ക് തോന്നുന്നത് ശ്രീ. തച്ചടി, ഇതൊക്കെ അറിയാതെ വരാൻ കാര്യമില്ലെന്നാണ്. വീടു വയ്ക്കുന്നതിനാവശ്യമായ എല്ലാ സാധനങ്ങൾക്കും നികുതി കൊടുക്കണം. ഒരു കൊളുത്തിന്, ഒരു ബോൾട്ടിന് സഹിതം നിങ്ങൾ ടാക്സ് കൂട്ടുകയാണ്. വീട്ടുപകരണങ്ങൾക്കും ടാക്സ് കൂട്ടുകയാണ്. കൊച്ചുകുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾക്കുപോലും ടാക്സ് കൂട്ടുകയാണ്. ഇന്നത്തെ നിലയിൽ തയ്യൽമെഷീന് ടാക്സ് ആറുശതമാനമേയുള്ളൂ. നിങ്ങൾ തയ്യൽ മെഷീനും ടാക്സ് കൂട്ടുകയാണ്. ഈ ഫൈറത്തിൽ മെറാലിക് പ്രോഡക്ട്സ് ഇൻക്ലൂഡ് ചെയ്തിട്ടില്ലെന്നു പറഞ്ഞാലും.....അതുപോലെ സാധാരണ കർഷകരെ ബാധിക്കുന്ന കുറെ കാര്യങ്ങളുമുണ്ട്. സാധാരണ പിശുക്കോടുകൂടി എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ അത് ശ്രീ. ബാലകൃഷ്ണപിള്ളയാണ്. അദ്ദേഹം കൂടുതൽ കറൻറ് കൊടുക്കുവാൻ എതിരുള്ള ആളാണ്. അടുത്തകാലത്ത് ട്രെമ്പററി കണക്ഷനെന്നു പറഞ്ഞുകൊണ്ട് കർഷകരുടെ കുറെ കണക്ഷനുകളും തടുക്കാൻ നോക്കി. വലിയ ബഹളവും എതിർപ്പുമൊക്കെ വന്നപ്പോൾ കൃഷിക്കാരുടെ കറൻറ് കട്ട് ഇല്ലാതാക്കാനുള്ള നടപടികളും വന്നു.

അതുപോലെ കൃഷിക്കാരന്റെ ഉപകരണങ്ങളായ കൂന്താലി, വെട്ടുകത്തി, മൺവെട്ടി, തൂമ്പ, കൊയ്ത്തരിവാൾ തുടങ്ങിയവയ്ക്കൊക്കെ ടാക്സ് കൂട്ടുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതുപോലെ 'articles made out of Iron and Steel', എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ചേർത്താൽ അതിൽ പമ്പും ഉൾപ്പെടും. അതുപോലെ ട്രില്ലറിന്റെ കാര്യം ഞാൻ എഴുതിക്കൊടുത്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

എന്നാൽ ട്രില്ലറിനു വേറൊരു രീതിയിൽ നിങ്ങൾ എഴുതിയിരിക്കുന്നു. ഏതായാലും കൃഷി ഉപകരണങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഐ.ആർ.ഡി.പി. ഇനത്തിൽ ഷെഡ്യൂൾഡ് കാസ്റ്റിനു കൊടുക്കുന്നതുമായ ഉപകരണങ്ങൾക്കൊക്കെ ടാക്സ് കൂട്ടുന്ന നടപടികളാണ് ഇവിടെ എടുത്തിരിക്കുന്നത്. മൊത്തത്തിൽ നോക്കുകയാണെങ്കിൽ രണ്ടുകോടി രൂപയിൽ കൂടുതൽ പി.വി.സി. ക്ലോത്തിന്റെ ടാക്സ് വരികയില്ല. അത് സ്റ്റേറ്റ് ചെയ്തിരിക്കുകയാണ്. എനിക്ക് തോന്നുന്നത് കഴിഞ്ഞ പ്രാവശ്യം അതിനെക്കുറിച്ച് ഞാൻ സംസാരിച്ചപ്പോൾ മന്ത്രിതന്നെ പറഞ്ഞതാണ്, 'ഗൗരിയമ്മ പറഞ്ഞതെല്ലാം ശരിയാണ്, അത് സ്റ്റേറ്റ് ചെയ്തിരിക്കുകയാണെന്ന്'. 'അതങ്ങ് എടുത്തുകളഞ്ഞുകൂടേ? അതിലൊരാപത്തും കൂടിയുണ്ട്. അഡീഷണൽ എക്സൈസ് ഡ്യൂട്ടിയിനത്തിൽ ചുമത്തപ്പെടുന്ന, സാധനങ്ങൾക്ക് സംസ്ഥാനഗവൺമെന്റ് സെയിൽസ് ടാക്സ് രണ്ടാമത് പിരിച്ചാൽ അഡിഷണൽ എക്സൈസ് ഡ്യൂട്ടിയുടെ ഒരു പൈസയും അവർ തരികയില്ല. നമുക്ക് കിട്ടേണ്ടതായിട്ടുള്ള ഒരു പൈസയും അവർ തരികയില്ല. അങ്ങനെയാണ് ഇതിലെ വ്യവസ്ഥകം. അങ്ങനെ വരുമ്പോൾ അഡീഷണൽ എക്സൈസ് ഡ്യൂട്ടി പിരിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ നിങ്ങൾ എടുത്താൽ, അങ്ങനെ പിരിച്ചാൽ നമുക്ക് കിട്ടേണ്ടതായ അഡീഷണൽ എക്സൈസ് ഡ്യൂട്ടി അവർ തരികയില്ല. അതെത്രയുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. എത്രയായാലും പി.വി.സി. ക്ലോത്തിൽ നിന്ന് നമ്മൾ പിരിക്കാൻ പോകുന്ന സെയിൽസ്ടാക്സ് ബാക്കിയുള്ളതിനേക്കാൾ വളരെ കൂടുതലാണ്. കഴിഞ്ഞപ്രാവശ്യം ഞാനിവിടെ സംസാരിച്ചപ്പോൾ അന്നത്തെ ധനകാര്യമന്ത്രി പറഞ്ഞു, 'ഗൗരിയമ്മ വലിയ കച്ചവടക്കാർക്കുവേണ്ടി വാദിക്കുകയാണ്' എന്ന്. ഞാൻ കച്ചവടക്കാർക്കുവേണ്ടിയല്ല വാദിച്ചത്. ഇവിടത്തെ ഗവൺമെന്റിന്റെ പൈസ പോകാതിരിക്കുവാൻ വേണ്ടിയാണ്. സംസ്ഥാനഗവൺമെന്റ് അഡീഷണൽ എക്സൈസ് ഡ്യൂട്ടിയിനത്തിൽ ഉൾപ്പെടുത്തി ചുമത്തിയ ടാക്സ് പിരിക്കുകയാണെങ്കിൽ ആ വകയിൽ ഒറ്റ പൈസപോലും കിട്ടുകയില്ല. ഈ വ്യവസ്ഥയനുസരിച്ച് നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന പൈസ മുഴുവൻ പോകാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് അത് എടുത്തുകളയണമെന്നാണ് എനിക്ക് പറയാനുള്ളത്. 1984-ൽ പാസ്സാക്കിയ നികുതി ഇതുവരെ പിരിച്ചിട്ടില്ല, അത് പിരിക്കാൻ സാധിക്കില്ല. അതിന് ഹൈക്കോടതി വിധിവന്നു. ഇപ്പോൾ പിരിക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ട് സുപ്രീംകോടതിയിൽ സ്റ്റേയായിട്ട് കിടക്കുകയാണ്. പിന്നെയെന്തിനാണ് വീണ്ടും നികുതി കൂട്ടുന്നത്? ഇങ്ങനെ ടാക്സ് കൂട്ടുന്നതിൽ വല്ല അർത്ഥവുമുണ്ടോ? നിയമസഭയിൽ ഇത് അനൗൺസ് ചെയ്തുപോയി അതുകൊണ്ടാണ് ഇങ്ങനെ കൂട്ടുന്നതെന്നു പറഞ്ഞു. പിന്നെ മറ്റു രണ്ട് ഐറ്റങ്ങൾ കൂടിയുണ്ട്. ".....lubricating oil, greases; break fluid, transformer oil and other quenching oils" തൊഴിലില്ലായ്മ കൂടുതലുള്ള നമ്മുടെ സംസ്ഥാനത്ത് അത് പാവപ്പെട്ടവരിക്കുന്നതിനുവേണ്ടി പുതിയതായിട്ട് സെൽഫ് എംപ്ലോയ്മെന്റ് സ്കീം നടപ്പിലാക്കുന്നതിന് കൂടുതൽ പണം മുടക്കാൻ ഗവൺമെന്റ് തയ്യാറാണെന്നു പ്രഖ്യാപിക്കുകയുണ്ടായി. ചെറുകിട വ്യവസായങ്ങൾക്കൊക്കെ ഗ്രീസും ലൂബ്രിക്കേറ്റിംഗ് ഓയിലുമൊക്കെ ഉപയോഗിക്കേണ്ടിവരികയില്ലേ?

സർ, ഇപ്പോൾ തയ്യൽ മെഷിന നമ്മൾ വെളിച്ചണ്ണ അല്ലല്ലോ ഇടുന്നത്, വാങ്ങിക്കുന്ന എണ്ണയാണ് ഇടുന്നത്. 10, 15 മെഷീൻ വച്ചുകൊണ്ട് തയ്യൽ നടത്തുന്ന ഒരു കോ-ഓപ്പറേറീവ് സൊസൈറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡൻറാണ് ഞാൻ. ബ്രേസിയർ ഉണ്ടാക്കുകയാണ് അവിടത്തെ തൊഴിലാളികൾ. അവർക്ക് പത്തു മുന്നൂറു രൂപയേ കിട്ടൂ, അതിൽ കൂടുതലൊന്നും അവർക്ക് കിട്ടുകയില്ല. ഒരു സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയാണത്, അത് പെണ്ണുങ്ങളുടെ വ്യവസായമാണ്, ഒരു ചെറുകിട വ്യവസായം എന്നുള്ള നിലയിൽ ഇത്ര കൊല്ലക്കാലത്തേയ്ക്ക് അവർ മുടക്കുന്ന തുകയുടെ 90% സെയിൽസ്. ഉണ്ടെങ്കിൽ സെയിൽസ് ടാക്സ് ഒഴിവാക്കും എന്നുള്ള വിധത്തിൽ ഗവൺമെൻറിനെ പ്രേരിപ്പിച്ച് സെയിൽസ് ടാക്സ് ഇളവ് ചെയ്തതാണ്. അവിടെ ഉപകരണങ്ങളായി വാങ്ങിക്കുന്ന സാധനങ്ങളുടെ സെയിൽസ് ടാക്സിനു പുറമേ ലൂബ്രിക്കേറിങ്ങ് ഓയിൽ, ഗ്രീസ് മറ്റു സാധനങ്ങൾ ഇവയ്ക്കും ടാക്സ് ചുമത്തുകയാണ്. ആരെയാ ഇത് ബാധിക്കുക? അപ്പോൾ ആ നിലയിൽ ആവശ്യമില്ലാതെ വെറുതെ 2 കോടി രൂപയാണ്, 2 കോടി രൂപയിൽ പി. വി. സി. ക്ലോത്ത് പോയി, ഡിപ്പാർട്ടുമെൻറ് വേണമെങ്കിൽ പറയും നമ്മൾ ഇതൊക്കെ കണക്കു കൂട്ടിയിട്ട് ഒരു 2 കോടി രൂപ കിട്ടും എന്ന്, ചിലപ്പോൾ 7 കോടി രൂപ കിട്ടും എന്നൊക്കെ അവർ പറയും, പറയാതെയിരിക്കുകയില്ല. ഞങ്ങൾ 7 കോടി പിരിച്ച് തരാം എന്ന് അവർ പറയും. പക്ഷേ പിരിക്കുന്നത് ആരിൽ നിന്ന് എന്നറിയാമോ? അടുക്കളയിൽ ജോലി ചെയ്യുന്ന സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് ഞങ്ങൾ കലാപം ഉണ്ടാക്കും. അവർ വാങ്ങിക്കുന്ന ചെറിയ ചെറിയ സാധനങ്ങൾ, സ്റ്റൗവിൽ സാധനങ്ങൾ, സ്റ്റൗവിലിൻെറ സ്പൂണുകൾ അവർ ഉപയോഗിക്കുന്ന മറ്റ് അടുക്കള ഉപകരണങ്ങൾ, ഈ ഉപകരണങ്ങൾക്കൊക്കെ ഇന്ന് ഈടാക്കുന്ന ടാക്സിനെക്കാൾ കൂടുതൽ ടാക്സ് ചുമത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടി ക്രമങ്ങളാണ് നിങ്ങൾ എടുക്കാൻ പോകുന്നത്. കൊച്ചുങ്ങളുടെ ടോയിസ് ആണ് മറ്റൊന്ന്. പെൺകുട്ടികൾ പാവയും കൊണ്ടേ നടക്കുകയുള്ളൂ. ചെറിയ ആൺകുട്ടികളോട് നമ്മൾ ചോദിച്ചാൽ അവർക്ക് കാറു വേണം സൈക്കിൾ വേണം എന്നൊക്കെ പറയും. അങ്ങനെ കൊച്ചു കുട്ടികളുടെ ടോയിസിനും അടുക്കളയിൽ ഉപയോഗിക്കുന്നതിനാവശ്യമായ സ്റ്റൗവിലും മറ്റും കൊണ്ട് ഉണ്ടാക്കുന്ന ഉപകരണങ്ങൾക്കും ആണ് ടാക്സ് ചുമത്തിയിരിക്കുന്നത്. ഈ രണ്ടു വിഭാഗങ്ങളെ നിങ്ങൾക്ക് ഒഴിവാക്കിക്കൂടേ?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ഗൗരിയമ്മേ, പാവപ്പെട്ട ആളുകൾ ചട്ടിയും കലവും ഒക്കെയാണ് ഉപയോഗിക്കുന്നത്, ഒരുമാതിരി സൗകര്യമുള്ള ആളുകളാണ് ഈ സ്റ്റൗവിലും അതുപോലുള്ള സാധനങ്ങളും ഉപയോഗിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: മഹത്തായ കോൺഗ്രസ്സിൻെറ ഭരണം 1947 മുതൽ 1987 വരെ വന്നുകഴിഞ്ഞിട്ടും ഇപ്പോഴും നിങ്ങൾ ചട്ടിയും കലവും മാത്രമേയുള്ളൂ എന്നാണോ പറയുന്നത്. അവയൊക്കെത്തന്നെയാണോ ഇപ്പോഴും നമ്മൾ ഉപയോഗിക്കുന്നത്? എനിക്കു വിരോധമില്ല കേട്ടോ, അങ്ങിനെയാണെങ്കിൽ നിങ്ങൾ അതങ്ങ് സമ്മതിക്ക്. നമ്മുടെ നാട്ടിൽ 80% ആളുകളും ചട്ടിയും കലവും തന്നെയാണോ ഉപയോഗിക്കുന്നത്? അതൊന്നുമല്ല നമ്മുടെ നാട്ടിൽ.

ശ്രീ. തച്ചടി പ്രഭാകരൻ: വരുമാനം ഉണ്ടാകുന്നോറുമാണ് ഇതുപോലുള്ള സാധനങ്ങൾ വാങ്ങിക്കുന്നത്. വരുമാനം ഉണ്ടാകുന്നു, വാങ്ങിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ വരുമാനം ഉണ്ടായിട്ടല്ല. ഞാൻ ഒന്നു ചോദിക്കട്ടെ. നമ്മുടെ നാട്ടിൽ പെൺകുട്ടികൾ പോളിസ്റ്റർ സാരി ഉടുത്തുകൊണ്ട് നടക്കുന്നു. നിങ്ങൾ കാണുന്നില്ലേ? ഒന്നും തിന്നാനി ല്ലെങ്കിലും വെളുത്ത മുഖമുണ്ടാക്കുകയും, ശകലം എണ്ണ തേച്ചു കുളിച്ചു നടക്കുകയും ചെയ്യുന്ന ആളുകളാണ് കേരളീയർ, അല്ലേ? പോളിസ്റ്റർ സാരിയുടുക്കും. അതുപോലെ വീടുകളിൽ നിങ്ങൾ നോക്കിയാൽ സ്റ്റീൽ പാത്രങ്ങൾ ധാരാളം കാണാം. തീരെ പാവപ്പെട്ടവരും സ്റ്റീൽ പാത്രം വാങ്ങിക്കും. നമ്മൾ പറയുമല്ലോ, സാധാരണ നിലയിൽ വാങ്ങിക്കാൻ നിവൃത്തിയില്ലെങ്കിലും, ''നാട് ഓടുമ്പോൾ നടുവേ ഓടണം'' എന്ന് അങ്ങിനെ പറഞ്ഞു കേട്ടിട്ടില്ലേ? അതുപോലെ ആളുകളുടെ ആഗ്രഹത്തിന്റെ പേരിൽ വാങ്ങിക്കുന്നതാണ്. സ്റ്റീൽ സ്പൂണുകൾ, പാത്രങ്ങൾ, ഗ്ലാസ്സുകൾ. ഇങ്ങനെ സാധാരണക്കാരൻ വാങ്ങുന്നതിനെ നികുതിയിൽനിന്ന് ഒഴിവാക്കണം. ആഹാരം കഴിക്കുന്നതിനുപയോഗിക്കുന്ന സ്റ്റീൽ പാത്രം, സ്പൂൺ, ടംബ്ലർ; ചരുവം, ഇവയെല്ലാം നികുതിയിൽനിന്ന് ഒഴിവാക്കണം, മറ്റുള്ള, മെച്ചപ്പെട്ട ജീവിതം നയിക്കുന്നവർ ഉപയോഗിക്കുന്നത് അങ്ങ് വിടാം. ഇതൊന്ന് ഒഴിവാക്കിക്കൂടേ? പ്രൊവൈസോ വേണ്ടിവരും, ഇന്ന സാധനങ്ങൾ, ഇന്ന സാധനങ്ങൾ എന്നു പറഞ്ഞ്. അന്നത്തെ ഈ തർക്കവും വഴക്കും മുഖപ്രീതി നന്നാക്കലും, പ്രീതിപ്രീതി നന്നാക്കലും എല്ലാം കൂടെയായി കുറെ ആളുകൾ അന്ന് ടാറും മുഖത്ത് തേച്ചുനടക്കുകയായിരുന്നു. ടാർ മുഖത്ത് തേച്ച് നന്നാക്കാൻ വേണ്ടിയുള്ള കഴുകലിന്റെ ബഹളത്തിൽ ഈ ടാക്സ് എന്താണെന്നു നോക്കിയില്ല. അന്ന് അവധാനതയോടെ നോക്കാൻ പറ്റിയില്ല. ഇത് ആരെ അഫക്റ്റ് ചെയ്യും. ഇതിൽ നിന്നും എത്ര കിട്ടും? ഏതു വിധത്തിലാണ് ടാക്സ് വന്നിരിക്കുന്നത് എന്നൊന്നും നോക്കിയില്ല. 27 കോടി രൂപയുടെ ടാക്സിൽ 25 കോടി രൂപയും പിരിഞ്ഞു കിട്ടുകയില്ല. 2 കോടി രൂപ പി. വി. സി. ക്ലോത്തിനുള്ളത്, മറ്റ് ഫൈറംസ് കേന്ദ്രത്തിൽ പോയി നിൽക്കുകയാണ്. ഏതാണ്ട് ഒരു കോടി രൂപ പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ നിന്നും വാങ്ങുന്ന വിധത്തിലുള്ള നടപടിയാണ് ഇത്. ഇന്നു കാലത്തു സാധനങ്ങളുടെ വില വർദ്ധനയെ കുറിച്ച് സംസാരിച്ചപ്പോൾ ഭക്ഷ്യവകുപ്പു മന്ത്രി പറഞ്ഞല്ലോ സാധനത്തിന്റെ വില ഒന്നും കൂടിയിട്ടില്ല എന്ന്. 2.40 രൂപ ആയിരുന്ന ഉരുളക്കിഴങ്ങിന് 6 രൂപയായി, കൂടിയിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്, അരിക്ക് 3.30 രൂപയായിരുന്നത് 5.20 രൂപയായി, അതും കൂടിയിട്ടില്ല. അതുപോലെയാ ഈ കാര്യവും. ഞാൻ പറയുന്നത് ഇത് നമുക്ക് അനാവശ്യമായിട്ടുള്ളതാണ്. ശ്രീ. തച്ചടി പ്രഭാകരന്റെ കൈയിൽ ഈ വകുപ്പ് വന്നതിനു ശേഷം ഭരണ കാര്യത്തിൽ നൈപുണ്യം കാണിക്കാൻ ശ്രമിക്കുകയാണ് നമ്മുടെ സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെന്റ്. എന്റെ അഭിപ്രായം എന്താണെന്നോ, സെയിൽസ് ടാക്സ് സംബന്ധിച്ച് കേരളത്തിൽ ഇന്നിരിക്കുന്ന നിയമങ്ങൾ അതുപോലെ നടപ്പാക്കുകയാണെങ്കിൽ നിങ്ങൾക്ക് ആയിരം കോടി രൂപ പിരിക്കാൻ പറ്റും. നിങ്ങളുടെ ഉദ്യോഗസ്ഥൻമാർ പറഞ്ഞിരുന്നത് 750 കോടി രൂപ പിരിക്കാം എന്നാണ്. അവരുടെ പഴയ സ്റ്റേറ്റുമെന്റ് കൂടെ എടുത്തു വച്ചു വേണം അവരുടെ കോൺഫറൻസ് വിളിക്കാൻ. അവരുടെ കോൺഫറൻസ് വിളിക്കാനും അവർക്ക് സ്റ്റാഫ് കൊടുക്കാനും നടപടി സ്വീകരിച്ചാൽ 750 കോടി രൂപ അവർ പിരിച്ചുതരാം എന്നുള്ള വിധത്തിലായിരുന്നു അവരുടെ ഓഫർ. എന്റെ അഭിപ്രായം എന്താണെന്നോ ഇന്നത്തെ നിയമത്തിൽ യാതൊരു ഭേദഗതിയും വരുത്താതെ നടപ്പാക്കുകയാണെങ്കിൽ ആയിരം കോടി രൂപ പിരിക്കാം. അതുകൊണ്ട് ഇത് പുനർവലിക്കണ

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ഞാൻ പറയുന്നത്. പിൻവലിക്കാൻ പറ്റിയില്ലെങ്കിൽ ഈ ഐറ്റം ഒക്കെ നിലനിർത്തിക്കൊള്ളൂ. ക്ലാസ്സ് 2-ൽ (എ) ഫോറിന്റെ ലിക്കറിന് 50, 55 ആക്കുകയാണ്. അതുപോലെ തന്നെ ഫ്ലവിയേഷൻ ടർബൈൻ ഫ്യൂവൽ സാധാരണക്കാരനെ ബാധിക്കുന്നില്ലല്ലോ, എനിക്ക് തോന്നുന്നത് ടർബൈൻ ഫ്യൂവലൊക്കെ ജനറേറ്റിമാൻത്തിനാണ് ഉപയോഗിക്കുന്നത് എന്നാണ്. എന്തായാലും ഇത് നമ്മളെ ബാധിക്കുകയില്ല. പിന്നെ ഒരു ഐറ്റം Guddappah stone and slabs or other similar stones and slabs used in building construction. അതും കൂടിയാക്കിക്കൊള്ളൂ. ഇടത്തരക്കാർക്ക് അതൊന്നും കൊണ്ട് പുറവയ്ക്കാൻ പറ്റുകയില്ല. സാധാരണ നിലയിൽ ആളുകൾ മൊസൈക്ക് ഒക്കെ ഇടും, ഇടത്തരക്കാരും ഗവൺമെന്റിൽനിന്നും ലോൺ എടുത്ത് മൊസൈക്ക് ഇടുന്നുണ്ട്. മൊത്തത്തിൽ നോക്കുകയാണെങ്കിൽ ഒരു 50 ലക്ഷം രൂപ കിട്ടും. ഏതായാലും ചെറിയ തോതിലായാലും സാരമില്ലല്ലോ, പല തുള്ളി പെരു വെള്ളം എന്നല്ലേ പറയുന്നത്? പുതിയ മന്ത്രി കൃഷിക്കാരന്റെ ആളാണ്. ഓണാട്ടുകര വികസന അതോറിട്ടി ഉണ്ടാക്കാൻ പോവുകയാണ്. കരപ്പുറം അതോറിട്ടി കൂടെ ഉണ്ടാക്കണം. എന്താണെന്നു വച്ചാൽ ചേർത്തല, അമ്പലപ്പുഴ കാർത്തികപ്പള്ളി, കരുനാഗപ്പള്ളി തുടങ്ങി കരപ്പുറം വരുന്ന പ്രദേശങ്ങളിലെ കൃഷിക്കാരുടെയും മറ്റുള്ളവരുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു കരപ്പുറം അതോറിട്ടി ഉണ്ടാക്കണം. അച്ചടി അതെപ്പറ്റി ആലോചിക്കണം. ഞാൻ ഒരു മെമ്മോറാണ്ടം എഴുതി റെഡിയാക്കി തരാം, അതും കൂടി ആലോചിക്കണം. കൃഷിക്കാരെ രക്ഷിക്കാനാണ് ജനാർദ്ദനൻനായർ കമ്മീഷൻ റിപ്പോർട്ട് വരുത്തിയത്. ഞാൻ മന്ത്രിയായിരുന്ന കാലത്ത് അച്ചടിക്കാൻ കൊടുത്തതാണ് അത്. 200 കോപ്പി അടിക്കാൻ കൊടുത്തതാണ്. ഇപ്പോഴും എന്താണെന്നോ, ഇപ്പോഴത്തെ മന്ത്രി ആ 200 കോപ്പി അടിച്ച് പുറത്ത് വിതരണം ചെയ്യാതെ ഉണ്ടായിരുന്നത് ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തത് എല്ലാം തിരിച്ചു വാങ്ങിച്ച് തീയിലിട്ടു കത്തിച്ചു എന്നാണ് കേട്തത്. തീയിലിട്ട് കത്തിച്ചോ അതോ കീറിക്കളഞ്ഞോ അതോ തൂക്കിവിറ്റോ? തൂക്കി വിറ്റു എങ്കിൽ നന്നായി. ഏതായാലും ചേർത്തലയിൽ കടലോരമല്ലാത്ത, രണ്ടു കായലിനുമിടയ്ക്കുള്ള പ്രദേശമായ നാലു പഞ്ചായത്തുകളായ പെരുമ്പളം, പാണാവള്ളി, തയ്ക്കാട്ടുശ്ശേരി, പള്ളിപ്പുറം—ഈ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തി ഒരു വികസന അതോറിറ്റി രൂപീകരിക്കാനുള്ള നടപടിയെടുക്കണം. ഇത് പാവപ്പെട്ടവനെ ബാധിക്കുന്ന ടാക്സ് എന്നുള്ള നിലയിൽ പിൻവലിക്കണം. പിൻവലിക്കാൻ പറ്റിയില്ലെങ്കിൽ അത് ഡിലിറ്റ് ചെയ്യുന്നതിന് ഞങ്ങളും ഭേദഗതികൾ കൊടുത്തിട്ടുണ്ട്. ആ ഡിലീറ്റ് ചെയ്യുന്ന ഐറ്റത്തിൽ പി.വി സി. ക്ലോത്തിന്റെ കാര്യം എഴുതിയിട്ടുണ്ട്. അത് ആവശ്യമില്ലാത്തതാണ്. അത് ഗവൺമെന്റിന്റെ അറിവിനുവേണ്ടി എഴുതിയതാണ്. ഇത്രയും ഐറ്റം ഇതിൽനിന്ന് ഒഴിവാക്കി സാധാരണക്കാരനെ രക്ഷിക്കാനും മറ്റു വിധത്തിലുള്ള നടപടികൾ എടുക്കാതിരിക്കാനും വേണ്ടിയുള്ള നിയമനിർമ്മാണമുണ്ടാക്കണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഡിസന്റിംഗ് നോട്ട് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ഞങ്ങളുടെ ദിനാഭിപ്രായക്കുറിപ്പ് ഇവിടെ അവതരിപ്പിക്കുന്നു. അതിന്റെ വിശദാംശങ്ങൾ ഇവിടെ പ്രതിപാദിക്കപ്പെട്ടു. ഈ ബില്ല് മുഖേന പിരിക്കുന്ന നികുതികൊണ്ട് എന്താണ് ചെയ്യാൻ പോകുന്നതെന്ന് നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വ്യക്തതയും ഇല്ല. ബഡ്ജറ് അവതരിപ്പിച്ച ധനകാര്യമന്ത്രി പറഞ്ഞു, മിച്ചമാണെന്ന്, കേന്ദ്ര മന്ത്രി പറഞ്ഞു, കമ്മിയാണെന്ന്. ഇപ്പോൾ വീണ്ടും നമ്മുടെ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ പറയുന്നു, മിച്ചമാണെന്ന്. അതുകൊണ്ട് ആളുകൾ മിച്ചമാണോ കമ്മിയാണോ എന്നുള്ളതിനെ സംബന്ധിച്ച് ആശയക്കുഴപ്പത്തിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെങ്കിൽ ആശയക്കുഴപ്പം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഒരു പ്രഖ്യാപനവും നടത്തി. ബഡ്ജറ് കമ്മിയുമാകാം മിച്ചവുമാകാമെന്ന്. അങ്ങനെ ആകെമൊത്തം കേരളത്തിലെ ജനങ്ങളെ വിഷമിപ്പിക്കുന്ന, ആശയക്കുഴപ്പത്തിലാക്കിയിരിക്കുന്ന, അതിന് സമാധാനം പറയാൻ കഴിവില്ലാത്ത ഈ ബിൽ കൊണ്ടും ഈ നികുതികൊണ്ടും ആളുകളെ ബുദ്ധിമുട്ടിക്കുകയാണ്. അതുകൊണ്ട് വ്യക്തമായ ചില ധാരണകളും തീരുമാനങ്ങളും ഇതിനെ സംബന്ധിച്ച് ഉണ്ടാകണം. ഏതെല്ലാം ആളുകളെ എങ്ങനെയൊക്കെ ഇത് ബാധിക്കുമെന്ന് വേണ്ടവിധം പരിശോധന നടത്തിയില്ല. അതാണ് ഞങ്ങൾ ഭിന്നാഭിപ്രായ കുറിപ്പിൽ പറഞ്ഞിരിക്കുന്നത്. ഓരോരുത്തരേയും ഈ നികുതി എങ്ങനെ ബാധിക്കും, അവർക്കു എന്തെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടാകും എന്ന് വ്യക്തമായി പരിശോധന നടത്തിയശേഷം നികുതി ചുമത്തുകയാണെങ്കിൽ വിരോധമില്ല. അങ്ങനെയൊന്നും ചെയ്തിട്ടില്ല. അങ്ങനെ പരിശോധിക്കാത്തതുകൊണ്ടാണ് ഈ ബില്ലിൽ പല അപാകതകളും കടന്നു കൂടിയിട്ടുള്ളത്. അതുപോലെ ബഡ്ജറ് പ്രസംഗത്തിൽ പല പ്രഖ്യാപനങ്ങളും നടത്തി. പല ആളുകൾക്കും ഗുണം ചെയ്യും, നികുതിയിൽ നിന്ന് ഒഴിവാക്കിക്കൊടുക്കും. അതുപോലെ ആനുകൂല്യങ്ങൾ നടപ്പിലാക്കും. എന്നൊക്കെ ബഡ്ജറ് പ്രസംഗത്തിൽ പറഞ്ഞതാണ്. അത്തരം കാര്യങ്ങളൊന്നും തന്നെ വേണ്ടവിധത്തിൽ പ്രഖ്യാപിച്ചിട്ടില്ല. അതുപോലെ നിയമസഭയിൽ പറയാതെ പല കാര്യങ്ങളും പിൻവലിക്കുകയുണ്ടായി. അതിൽ ഒന്നാണ് ലോട്ടറി. ലോട്ടറിക്ക് നികുതി ചുമത്തുന്ന അവസരത്തിൽ അതിനെ സംബന്ധിച്ച് പലരും അഭിപ്രായങ്ങൾ പറഞ്ഞതാണ്. അത് നിയമസഭയിൽ ഡിസ്ക്കസ് ചെയ്യാതെ പെട്ടെന്ന് പിൻവലിച്ചു. ഇതിലും ആശയകുഴപ്പമുണ്ടാകുന്നുണ്ട്. നികുതി ചുമത്തിയാൽ ലോട്ടറി ബിസിനസ് നടക്കുമോ, സംവിധാനം എങ്ങനെയായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് അഭിപ്രായങ്ങൾ ഇവിടെ രേഖപ്പെടുത്തിയതാണ്. അങ്ങനെ അഞ്ചു കോടിരൂപ അതിൽ നിന്ന് വരുമാനമുണ്ടാകും, ഇത് ഏറ്റവും നല്ലതാണ്: തമിഴ്നാട്ടിൽ ലോട്ടറിക്ക് നികുതി ചുമത്തിയിട്ടുണ്ട്, മറ്റു സംസ്ഥാനങ്ങളിലും ലോട്ടറിക്ക് നികുതി ചുമത്തിയിട്ടുണ്ട്, കേരളത്തിൽ മാത്രമാണ് നികുതി ചുമത്തിയിട്ടുള്ളത്. അതുകൊണ്ട് ഞങ്ങൾ അതും വർദ്ധിപ്പിക്കുന്നതാണെന്നാണ് ധനകാര്യമന്ത്രി പറഞ്ഞത്തും പ്രഖ്യാപിച്ചതും. അതിന്റെ ഫലമെന്താണ്? തീർച്ചയായിട്ടും ഈ ലോട്ടറി സമ്പ്രദായംതന്നെ, കോടിക്കണക്കിന് രൂപ സർക്കാരിന്റെ ഖജനാവിലേക്ക് വന്നുകൊണ്ടിരുന്ന വരുമാനം സ്തംഭിപ്പിക്കുകയാണുണ്ടായത്. ലോട്ടറി ഏജൻറുമാർ കേരളത്തിലാകെ സമരം പ്രഖ്യാപിച്ചു. ഈ ഗവൺമെൻറിന്റെ ഒരു രൂപയുടെ ലോട്ടറി ടിക്കറ്റുപോലും വിൽക്കാൻ ഞങ്ങൾ തയ്യാറല്ല എന്ന് സംസ്ഥാന വ്യാപകമായി പറഞ്ഞു. ആ പ്രവർത്തനമാകെ സ്തംഭിപ്പിച്ചു. അപ്പോഴാണ് സർക്കാരിനും ധനകാര്യമന്ത്രിക്കും മനസ്സിലായത്, ലോട്ടറിക്ക് ചുമത്തിയ നികുതിയിൽ അപാകതയുണ്ടായിരുന്നു, അത് ആവശ്യമില്ലാത്തതായിരുന്നുവെന്ന്. അതുകൊണ്ട് ലോട്ടറിയുടെ ടാക്സ് പിൻവലിക്കേണ്ടിവന്നു. ബഡ്ജറ് പ്രസംഗത്തിൽ പറയുമ്പോൾ പ്രതിപക്ഷമായാലും പറയുന്ന കാര്യങ്ങൾ നല്ല കാര്യമാണെങ്കിൽ അതു മുഖവിലയ്ക്കെടുക്കണം. അത് എടുക്കാത്തതുകൊണ്ടാണ് ലോട്ടറിക്ക് ചുമത്തിയ ടാക്സ് പിൻവലിക്കേണ്ടിവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ബ്രീഫ് കേസിന്റെയും ടാക്സ് പിൻവലിച്ചു യെന്ന് പറയുന്നുണ്ട്. പിൻവലിച്ചത് സ്വാഗതാർഹമാണ്. വേണ്ട വിധമുള്ള പരിശോധനയും വിശദമായ പഠനവും ദീർഘവീക്ഷണവും ഇല്ലാതെ ഇത്തരം സാധനങ്ങൾക്ക് എല്ലാം നികുതി ചുമത്തിയതുകൊണ്ടാണ് അത് പിന്നീട് പിൻവലിക്കേണ്ടി വന്നത്. ഇത് പാർലമെന്റിനെ അനുകരിച്ച ഒരു ബില്ലാണ്. പാർലമെന്റിൽ ഇങ്ങനെയൊരു ഫൈനാൻസ് ബില്ലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എളുപ്പം നികുതി പിരിക്കാൻ സൗകര്യപ്പെടുന്ന വിധത്തിൽ വേണം എന്ന് തീരുമാനിച്ചുകൊണ്ടാണ് മുൻ ധനകാര്യമന്ത്രി ഇത്തരം ഒരു ബില്ല് ഇവിടെ നടപ്പിലാക്കിയത്. അതിന്റെ അർത്ഥം അന്നേതന്നെ പറഞ്ഞിരുന്നു., മറ്റു മന്ത്രിമാരുടെ അവകാശങ്ങൾ എല്ലാം തന്നെ ധനകാര്യമന്ത്രിയിലേക്ക് കേന്ദ്രീകരിക്കാനും ധനകാര്യമന്ത്രി എല്ലാ വകുപ്പിന്റേയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അധികാര കേന്ദ്രീകരണത്തിനുള്ള മറ്റൊരു ഉപാധിയാണെന്ന്. മറ്റുള്ള അംഗങ്ങൾക്ക് അഭിപ്രായം പറയാനും മറ്റു വേദികളിൽ ചർച്ച നടത്തിക്കൊണ്ട് ഈ ബില്ലിന്റെ അപാകതകളെക്കുറിച്ചും നികുതി സമ്പ്രദായത്തെക്കുറിച്ചും പിരിക്കുന്ന വിധത്തെപ്പറ്റിയും ആശയവിനിമയം നടത്തി ഒരു തീരുമാനമെടുക്കാനും പറ്റാത്ത വിധത്തിലാണ് ഇത് ഉണ്ടായിട്ടുള്ളത്. ഇതിൽ ഉപധണ്ഡം (എഫ്)—ൽ പറയുന്ന കാര്യം നമ്മുടെ സംസ്ഥാനത്തെ ആളുകളെ വളരെയധികം വിഷമിപ്പിക്കുന്നതാണ്. മറ്റെവിടെയെങ്കിലും നിർദ്ദേശിച്ചിട്ടുള്ളതല്ലാതെ ഏതെങ്കിലും ലോഹ ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ എന്നപോലെ മറ്റു ലോഹങ്ങളുമായി കൂട്ടുചേർത്ത് നിർമ്മിക്കുന്ന ഇരുമ്പോ ഉരുക്കോ സാധനങ്ങളും എട്ടു ശതമാനം നികുതിക്ക് വിധേയമാക്കിയിരിക്കയാണ്. ഈ ക്ലാസ് കേരളത്തിലെ കർഷകരെയും സാധാരണക്കാരെയും ദോഷകരമായി ബാധിക്കാൻ പോവുകയാണ്. നാട്ടിൻപുറങ്ങളിൽ കുടിൽവ്യവസായമായി നിർമ്മിക്കുന്ന തൂമ്പാ, കൊടുവാൾ, അരിവാൾ, ചിരവ തുടങ്ങിയ സാധനങ്ങൾക്ക് നികുതി കൂട്ടാനും വില അങ്ങനെ കൂട്ടാനുമാണ് പോകുന്നത്. തൊഴിലാളികൾ ഉപയോഗിക്കുന്ന അരിവാളിനും മറ്റു ഉപകരണങ്ങൾക്കും വിലകൂടും. വീട്ടിൽ വാതിലിന് പൂട്ടും താക്കോലും വേണം, അതിന് വില വർദ്ധിപ്പിക്കാൻ പോവുകയാണ്. അങ്ങനെ വീട്ടുപകരണങ്ങൾക്കെല്ലാം സാധാരണ പാവപ്പെട്ട തൊഴിലാളികളും കൃഷിക്കാരും ഉപയോഗിക്കുന്ന സാധനങ്ങൾക്കെല്ലാം നികുതി കൂട്ടിയാൽ വില വർദ്ധിക്കും. വയലു പൂട്ടാൻ ഉപയോഗിക്കുന്ന കൊഴുവിനുപോലും നികുതിയും വിലയും വർദ്ധിക്കാൻ പോകുന്നു. ഇത് കൃഷിക്കാരെ ബാധിക്കും. അങ്ങനെ കാർഷികോപകരണങ്ങളും മറ്റും വില വർദ്ധിക്കുമ്പോൾ കൃഷിക്കാർക്കും തൊഴിലാളികൾക്കും വിഷമങ്ങളുണ്ടാകും. മറ്റുവിധത്തിൽ ഇരുമ്പോ, ഉരുക്കോ ഉപയോഗിക്കുന്ന സാധനങ്ങൾക്ക് എന്നു പറഞ്ഞാൽ, ഏതെല്ലാം സാധനങ്ങൾക്കെന്ന് വ്യക്തമായി പറയാതിരിന്നാൽ, ഈ വക ചെറിയ ചെറിയ സാധനങ്ങൾക്ക് വില കൂട്ടുകയും അതിന്റെ ഫലമായിട്ട് ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യും. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞു, സാധാരണക്കാരുടെ വീട്ടിലൊക്കെ ചട്ടിയും കലവുമാണ് ഉപയോഗിക്കുന്നത് എന്ന്. മന്ത്രിക്ക് സാധാരണക്കാരെക്കുറിച്ച് യാതൊരു വിവരവുമില്ല. ഇന്ന് കളിമൺ വ്യവസായമാകെ തകർന്നിരിക്കയാണ്. ഒരു മൺപാത്രം ഇന്ന് കിട്ടാനില്ല: കളിമണ്ണെടുക്കാൻ സ്ഥലമില്ല. പരമ്പരാഗത വ്യവസായമാകെ തകർന്നിരിക്കുകയാണ്. ഇന്ന് കളിമൺ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വിഭാഗത്തിന് തൊഴിലില്ല. അതുകൊണ്ട് അലൂമിനിയവും സ്റ്റീലും അതുപോലെയുള്ള സാധനങ്ങളും വീട്ടുപകരണങ്ങളായി ആളുകൾ വാങ്ങിക്കൊണ്ടിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളും അടുക്കളയിൽ ഉപയോഗിക്കുന്ന അത്തരം സാധനങ്ങൾക്കും, തൊഴിലാളികളും കൃഷിക്കാരും ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കുമെല്ലാം നികുതി കൂട്ടിയാൽ വില വർദ്ധിക്കും. അതിന്റെ ഫലമായിട്ട് ജീവിത പ്രശ്നങ്ങൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഞാൻ ഈ നിർദ്ദേശങ്ങളെപ്പറ്റി പ്രത്യേകം പ്രത്യേകം അഭിപ്രായം പറയുന്നില്ല. ഈ ബഡ്ജറ്റിന്റെ പൊതുവായ സ്വഭാവത്തെപ്പറ്റിയാണ് ഞാൻ പറയുന്നത്. ഈ ബഡ്ജറ്റിന്റെ പൊതുവായ സ്വഭാവം ഇതാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ബഡ്ജറ്റുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ശ്രീ. മാണി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ നികുതി നിർദ്ദേശങ്ങളിലായാലും പ്രഖ്യാപനങ്ങളിലായാലും അദ്ദേഹത്തിനേറെയായ ഒരു രാഷ്ട്രീയം മുന്നോട്ടു കൊണ്ടുപോകാനാണ് ഈ ബഡ്ജറ്റിലെ എല്ലാ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിരുന്നതെന്ന് ഈ സഭയിൽ മാത്രമല്ല എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഈ ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണി ഇപ്പോൾ ധനകാര്യമന്ത്രിയല്ല. ഇപ്പോൾ ശ്രീ. തച്ചടി പ്രഭാകരനാണ് ധനകാര്യമന്ത്രി. ഈ ബില്ലിൽ അവതരിപ്പിച്ചതിൽ ശ്രീ. തച്ചടിക്ക് രാഷ്ട്രീയമുണ്ട്. ഈ രണ്ടു രാഷ്ട്രീയവും തമ്മിലുള്ള വൈരുദ്ധ്യമാണ് ബഡ്ജറ്റും ബില്ലും തമ്മിലുള്ള മുഖ്യമായ വ്യത്യാസം. അതിന്റെ പൊരുത്തക്കേടുതന്നെയാണ് ഈ ബഡ്ജറ്റും ബില്ലും തമ്മിലുള്ള വൈരുദ്ധ്യത്തിൽ കാണുന്നത്.

സർ, ശ്രീ. കെ. എം. മാണി ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ശ്രീ. മാണിയുടെ അവസ്ഥ എന്താണ്? എന്റെ നാട്ടിൽ സംഭവിച്ച ഒരു സംഭവംപോലെയാണ്. ഒരു കുടുംബപ്രശ്നത്തിൽ ഒരു നാട്ടുപ്രമാണി ഇടപ്പെട്ടതിനുശേഷം ആ കുടുംബക്കാരുടെ സ്വത്തെല്ലാം കൈവശപ്പെടുത്തി. മാത്രമല്ല, ആ കുടുംബത്തിൽ പൊട്ടൻ ചാക്കോ എന്ന് പറഞ്ഞ്, ഒരാൾ ഉണ്ട്. അതായത് വലിയ തിരിച്ചറിവൊന്നും ഇല്ലാത്ത പൊട്ടൻ ചാക്കോയെ ഈ പ്രശ്നത്തിൽ ഇടപെട്ട പ്രമാണിയുടെ മകനിൽനിന്ന് അവിഹിത ഗർഭം ധരിക്കപ്പെട്ട പെൺകുട്ടിയെ പിടിച്ച് ഏൽപ്പിച്ച ഒരു അവസ്ഥാവിശേഷത്തിൽ ശ്രീ. മാണിയെ ഇപ്പോൾ ഒതുക്കി നിർത്തിയിരിക്കുകയാണ്. ശ്രീ. കരുണാകരന്റെ, അതുപോലുള്ള പുത്രനായ നമ്മുടെ എം.പി. ഗംഗാധരനിൽ നിന്ന് അവിഹിത ഗർഭം ധരിച്ച നമ്മുടെ വാട്ടർ അതോറിറ്റി വെയ്സ്റ്റ് വാട്ടർ അതോറിറ്റി എന്ന പെൺകുട്ടിയെ ഏൽപ്പിച്ച് ശ്രീ. മാണിയെ പൊട്ടൻ ചാക്കോയായി ഇരുത്തിയിരിക്കുകയാണ്. ശ്രീ. പി. ടി. ചാക്കോയുടെ നാമധേയത്തിൽ രൂപംകൊണ്ട പാർട്ടിയിലെ ശ്രീ. മാണി, ഇപ്പോൾ ആ പൊട്ടൻ ചാക്കോയുടെ ഒരു അവസ്ഥാവിശേഷത്തിലാണ്. എന്തായാലും അന്ന് ശ്രീ. മാണിക്ക്, ശ്രീ. മാണിയുടേതായ ഒരു രാഷ്ട്രീയം ഉണ്ടായിരുന്നു. ആ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ. ധാരാളം പ്രഖ്യാപനങ്ങളും ഉണ്ടായിരുന്നു. ഇവിടെ ഭരണപക്ഷത്ത് കയ്യടിയായിരുന്നു. അവിടെ നിന്നവരെ പ്രോൽസാഹനമായിരുന്നു. ആ പ്രോൽസാഹിപ്പിച്ച കാര്യങ്ങളൊന്നും ഈ ബില്ലിൽ കാണുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അപ്പോൾ ശ്രീ. മാണി യഥാർത്ഥത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ഒരു നല്ല കബളിപ്പിക്കൽ നടത്തി, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ. അതിനുശേഷം അതിനെക്കുറിച്ച് ധാരാളം തർക്കങ്ങളും നടന്നു. ശ്രീ. മാണി അവതരിപ്പിച്ചിരുന്ന കാര്യങ്ങളും ശരിയാണോ? ഇത് ചില ദുർദ്ദേശങ്ങളോടുകൂടി അല്ലേ ശ്രീ. മാണി ഇതിൽ പലതും ചെയ്തിരിക്കുന്നത്. അപ്പോൾ മിച്ചമാണെന്ന് സ്ഥാപിക്കാൻ ശ്രീ. മാണി കാണിച്ച വ്യഗ്രതയും മിച്ചവും കമ്മിയെയും പറ്റി ധാരാളം ചർച്ചയൊക്കെ നടന്നുകഴിഞ്ഞും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ശ്രീ. തച്ചടി ഇവിടെ പറയുന്നു, നമ്മൾ എല്ലാവരുംകൂടി സഹകരിച്ചാൽ കമ്മിയാകാതെ കാര്യങ്ങൾ കൊണ്ടുപോകാമെന്ന്. കമ്മിയാകാതെ കാര്യങ്ങൾ കൊണ്ടുപോകാനുള്ള അദ്ദേഹത്തിന്റെ ഈ ധനകാര്യ ബില്ലിൽ പറയുന്ന നിർദ്ദേശങ്ങൾ, നമുക്ക് അറിയാം. 27 കോടിയിൽ പരം രൂപ സമാഹരിക്കാനുള്ള അധിക നികുതി നിർദ്ദേശങ്ങൾ ഉണ്ട്. ഇപ്പോൾ ഇതിനകം ഉള്ള അനുഭവംതന്നെ പരിശോധിച്ചാൽ 5 കോടി രൂപ പ്രതീക്ഷിച്ചിരുന്ന ലോട്ടറിയുടെ സ്ഥിതി എന്തായി? 5 കോടി രൂപ ഉണ്ടാക്കേണ്ടത് ലോട്ടറിയിൽനിന്നാണ്. ആ 5 കോടി രൂപ ഉണ്ടാകില്ല എന്നുള്ളത് ഇപ്പോൾ അത് പിൻവലിച്ചുകഴിഞ്ഞപ്പോൾ വ്യക്തമായല്ലോ. ആ 5 കോടി രൂപ ഉണ്ടാകുന്നില്ല എന്നു മാത്രമല്ല, അധികം 5 കോടി രൂപ ഉണ്ടാകുമെന്ന് പറഞ്ഞിടത്ത് ഇതിനകം തന്നെ സബ്ജക്ട് കമ്മിറ്റി കൂടിയപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് ഞങ്ങൾ ചോദിച്ചു; 5 കോടി രൂപ അധികം കിട്ടുമെന്ന് പറഞ്ഞിടത്ത് ഇതിനകം ഉണ്ടായ നഷ്ടം എത്രയാണ് എന്ന്, അവർ പറഞ്ഞു, ഇതിനകം ഉള്ളത്: അര കോടി രൂപ വരും. അപ്പോൾ ഈ 5 കോടി അധികം പ്രതീക്ഷിച്ച സ്ഥാനത്ത് ഇതിനകം അരക്കോടി രൂപ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈ ഒരു വർഷം പ്രതീക്ഷിക്കുന്നത് അനുസരിച്ച് നോക്കിയാൽ 5 കോടി അധികം ഉണ്ടാകേണ്ട സ്ഥാനത്ത് ഒരു രണ്ടു മൂന്ന് കോടി കിട്ടിക്കൊണ്ടിരുന്നതിൽനിന്നുകൂടി കുറവുണ്ടാകുന്നു. അങ്ങനെ ഈ സംസ്ഥാനത്തിന് ഒരു വരുമാനം ഉണ്ടാക്കാൻ കുറേയൊക്കെ ഭാവനാപൂർണ്ണമായി മുൻ കാലത്ത് ആവിഷ്കരിച്ച ഒരു പരിപാടിയേപോലും നശിപ്പിച്ചു. ഉള്ള വരുമാനം കൂടുമെന്നു പ്രതീക്ഷിച്ചത് കൂടുന്നില്ല എന്നുമാത്രമല്ല, കുറയുകയാണുണ്ടായത്. ബഡ്ജറിലെ നിർദ്ദേശങ്ങൾ വളരെ സീക്രസിയുള്ള കാര്യങ്ങളാണെന്ന് പറയുന്നു. ശൂന്യതയിൽ നിന്ന് എന്തെങ്കിലും ഉണ്ടാക്കാൻ കഴിയുമോ? ശാസ്ത്രം പറയുന്നത് ശൂന്യതയിൽ നിന്ന് ഒന്നും ഉണ്ടാകുന്നില്ലെന്നാണ്. പക്ഷേ, നമ്മുടെ ധനകാര്യമന്ത്രിമാർ പറയുന്നത് ശൂന്യതയിൽ നിന്നാണ് അവർ എല്ലാം ഉണ്ടാക്കുന്നതെന്നാണ്. സത്യസായി ബാബയേക്കാൾ അൽഭുതസിദ്ധികളുള്ള ആളുകളാണോ നമ്മുടെ ധനകാര്യമന്ത്രിമാർ? സത്യസായി ബാബയെക്കുറിച്ച് ഞങ്ങൾ ആരും ഇതൊന്നും വിശ്വസിക്കുന്നില്ല— വിശ്വസിക്കുന്ന ആളുകൾ പറയുന്നത് ശൂന്യതയിൽ നിന്ന് എല്ലാം സൃഷ്ടിക്കാൻ പോന്ന ആളാണ് സത്യസായി ബാബ എന്നാണ്. അതുപോലെ ശ്രീ. മാണി ഇവിടെ ധനകാര്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. മാണി ശൂന്യതയിൽനിന്നാണ് എല്ലാം സൃഷ്ടിക്കുന്നത്; സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്. പക്ഷേ ഒന്നും ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന് കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തെ അനുഭവത്തിൽനിന്ന് നമുക്ക് വളരെ വ്യക്തമായി അറിയാം. അതിനുശേഷം ഇവിടെ ശ്രീ. തച്ചടി ചില പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ "പുത്തനച്ചി പുരപ്പുറം തൂക്കും" എന്ന രീതിയിലാണ് ശ്രീ. തച്ചടിയുടെ പ്രഖ്യാപനങ്ങൾ. 100 കോടി രൂപ അധികം ഉണ്ടാക്കുമെന്നാണ് പറയുന്നത്. എങ്ങനെയെന്ന് ആവർത്തിച്ച് ചോദിച്ചാലും ശ്രീ. തച്ചടിക്ക് മറുപടിയില്ല. എങ്ങനെ എന്നുള്ളത് ഈ സഭയ്ക്ക് അറിയാനോ നമുക്ക് ആർക്കെങ്കിലും ബോദ്ധ്യപ്പെടുന്ന രൂപത്തിൽ കാര്യങ്ങൾ അവതരിപ്പിക്കാനോ ശ്രീ. തച്ചടി തയ്യാറാകുന്നില്ല. പുതുതായി നിർദ്ദേശിച്ച നിർദ്ദേശങ്ങളുടെ അവസ്ഥ നമ്മൾ ഇപ്പോൾ കണ്ടതാണ്. ആ നിർദ്ദേശിച്ച അവസ്ഥയിൽ ഇതൊന്നും ഉണ്ടാകില്ല. പിന്നെ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളിലേക്ക് കടന്നാൽ ഈ സംസ്ഥാനത്ത് ഏത് നികുതി നിർദ്ദേശങ്ങൾ വരുമ്പോഴും, അത് നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴും, നമ്മുടെ സംസ്ഥാനത്തിന്റെ, യഥാർത്ഥത്തിൽ സമ്പദ്

LIBRARY ARCHIVES Kerala Legislative Assembly

ഘടനയുടെ അടിസ്ഥാനഘടകങ്ങളെക്കുറിച്ച് ഒരു പരിശോധനയും ശ്രീ. മാണിയെപോലെ ശ്രീ. തച്ചടിയും നടത്തിക്കൊണ്ടല്ലേ മുന്നോട്ടു പോകുന്നത്.

സർ, നമ്മുടെ കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും മനസ്സിലാക്കി, കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളും മനസ്സിലാക്കി, അവർക്ക് ഇതിനപ്പുറത്തേക്ക് പോയാൽ അനുകൂലമാണോ പ്രതികൂലമാണോ എന്ന് പരിശോധിച്ച്, എന്നിട്ട് വേണ്ട നിർദ്ദേശങ്ങളും കൊടുക്കാൻ തയ്യാറാകുന്നില്ല. അതുപോലെ തന്നെ നമ്മുടെ വ്യാവസായികമേഖല പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങളുടെ കാര്യങ്ങളും ഡിമാൻറുകളുടെ ചർച്ചയിലൊക്കെ ധാരാളം കൊട്ടിഘോഷിച്ച കാര്യങ്ങളാണ്. ഇവിടെ ചെറുകിട വ്യവസായങ്ങളും ധാരാളം ഉണ്ടാകുമെന്ന് ഞങ്ങളുടെ ജില്ലാ വികസന സമിതിയിൽ കൊല്ലം ജില്ലയിലെ ചെറുകിട വ്യവസായത്തിന്റെ അവസ്ഥയെക്കുറിച്ച് ഞാൻ ചോദിച്ചു. 10 എണ്ണം പുതുതായി. ഇവർ അനുവാദം കൊടുത്തത് തുറന്നു വരുമ്പോൾ 100 എണ്ണം അല്ല അതിന്റെ ഇരട്ടിയാണ് പൂട്ടിക്കൊണ്ടിരിക്കുന്നത്. അൽപ്പായുസ്സാണ് എല്ലാറ്റിനും. ഈ സംസ്ഥാനത്തിന്റെ സമ്പത്തിനെ കബളിപ്പിച്ചുകൊണ്ട് പോകാനുള്ള ചില കുതന്ത്രങ്ങളും അല്ലാതെ അതൊന്നും നേരെ നടക്കുന്നില്ല. അതിനുള്ള സംവിധാനം ഇല്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിർദ്ദേശങ്ങളും ഏതെങ്കിലും നിലനിൽക്കുന്നെങ്കിൽ അതിനെക്കൂടെ കൊല്ലാൻ പോകുന്ന വിധത്തിലുള്ളതാണ്. നമ്മുടെ ചെറുകിട വ്യവസായ മേഖലയിൽ ആയാലും, അതുപോലെ കാർഷിക മേഖലയിലായാലും ഉള്ള പ്രശ്നങ്ങളും മനസ്സിലാക്കി ആ മേഖലയ്ക്ക് താങ്ങാൻ കഴിയുമോ എന്നുള്ളത പരിഗണിക്കാതെയാണ് നികുതി നിർദ്ദേശങ്ങളും കൊണ്ടുവരുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാനപ്പെട്ട ശ്രീ. തച്ചടി പ്രഭാകരൻ, ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറിൽ പ്രതീക്ഷിക്കുന്ന വരുമാനം പ്രത്യേകിച്ച് പവ്വർകട്ട് മൂലം സെയിൽസ് ടാക്സ് ഇനത്തിൽ നമ്മുടെ സംസ്ഥാനത്ത് ഈ വർഷം വരേണ്ട കോടിക്കണക്കിന് ഉറുപ്പിക പോലും കിട്ടുകയില്ലെന്ന് അറിയാമായിരുന്നിട്ടും ഒരു തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് അല്ലേ ചില വില കുറഞ്ഞ പ്രഖ്യാപനങ്ങളും ഇവിടെ നടത്തിയിട്ടുള്ളത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. ശ്രീ. മാണി ബഡ്ജറ് അവതരിപ്പിക്കുമ്പോൾ ശ്രീ. മാണിയുടെ രാഷ്ട്രീയം ഈ ഭരണകക്ഷിയുടെ രാഷ്ട്രീയത്തിനകത്ത് അന്നുണ്ടായിരുന്ന പ്രശ്നങ്ങളിൽ ഒരു പഴുതുണ്ടാക്കി ശ്രീ. മാണിക്ക് ധനകാര്യവകുപ്പ് നിലനിർത്താനും, താൻ മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയം ഇതിനിടയിൽകൂടി മുന്നോട്ടു കൊണ്ടുപോകാനുമാണ് ശ്രീ. മാണി ശ്രമിച്ചതെങ്കിൽ, ശ്രീ. തച്ചടി ശ്രമിക്കുന്നത് ഇന്ന് നിലനിൽക്കുന്ന രാഷ്ട്രീയത്തിൽക്കൂടി ഒരു തിരഞ്ഞെടുപ്പിലേക്ക് പോകാൻ വേണ്ടുന്ന കുറച്ചു ചപ്പടാച്ചികം അല്ലാതെ മറ്റു യാതൊന്നുംതന്നെ ഇല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ പ്രതീക്ഷിക്കുന്ന കാര്യങ്ങൾ ആണോ നടക്കുന്നത്? കഴിഞ്ഞ ഒരു മാസത്തിനകം ഉണ്ടായ പവ്വർകട്ടിന്റെ ഫലമായി ഉണ്ടായ നഷ്ടം ഞാൻ അതിന്റെ കൃത്യമായ കണക്ക് ഓർമ്മിക്കുന്നില്ല. ഏതാണ്ട് 400 കോടിയോളം രൂപയുടെ ഉൽപ്പാദനംനഷ്ടമുണ്ടായി എന്നാണ് മാതൃഭൂമിയിലോ മറ്റ് ഏതോ പത്രത്തിൽ വന്ന റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. ഇത്രയും കോടി രൂപയുടെ ഉൽപ്പാദനനഷ്ടം ഉണ്ടായാൽ ശ്രീ. തച്ചടി വലിയ പ്രതീക്ഷകളും എങ്ങനെ സാക്ഷാത്ക്കരിക്കാൻ സാധിക്കും? അല്ലെങ്കിൽ ഈ പ്രഖ്യാപനങ്ങളെല്ലാം യഥാർത്ഥത്തിൽ യാഥാർത്ഥ്യരൂപത്തോടുകൂടി ഉള്ളതല്ല എന്നുള്ളതു തന്നെയാണ് ഈ പ്രഖ്യാപനത്തിന്റെ എല്ലാം അടിസ്ഥാനം. ഇവിടെ നിലവിലുള്ള നികുതികളും തന്നെ പൂർണ്ണമായും പിരിച്ചെടുത്താൽ, ഇവിടെ 100 കോടി അല്ല 1000 കോടി രൂപ ഉണ്ടാക്കാൻ കഴിയുമെന്ന് ശ്രീമതി ഗൗരിയമ്മ സൂചിപ്പിച്ചു.

ശ്രീ. തച്ചടി പ്രഭാകരൻ: ഈ റേറെറാക്കെ തന്നെയായിരുന്നല്ലോ ശ്രീ. ചന്ദ്രമോഹനന്റെയും ശ്രീമതി ഗൗരിയമ്മയുടേയും എല്ലാം പാർട്ടി ഇവിടെ ഭരിച്ചിരുന്നപ്പോഴും അന്ന് പിരിച്ചെടുക്കാത്തതെന്താണ്? അന്ന് പിരിച്ചതിനേക്കാൾ കൂടുതൽ ആണ് ഇന്ന് പിരിച്ചെടുക്കുന്നത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇന്ന് ഈ സംസ്ഥാനത്ത് നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ അന്ന് നേരിട്ടിരുന്നില്ല. വിഭവസമാഹരണത്തിൽ ജനങ്ങളെ ഊറ്റിപ്പിഴിയാതെ, ജനങ്ങളെ കൊള്ള ചെയ്യാതെ, ജനങ്ങളുടെ ഉൽപ്പാദന മേഖലയുടെ, വ്യവസായ മേഖലയുടെ, കാർഷിക മേഖലയുടെ എല്ലാം പ്രശ്നങ്ങളും മനസ്സിലാക്കിക്കൊണ്ട് അതിനു അനുസൃതമായ ഒരു നികുതി ഘടനയും അതിനുവേണ്ടുന്ന പരിശ്രമങ്ങളും ആണ് ഇവിടെ നടത്തിയത്. പക്ഷേ, ഞാൻ സൂചിപ്പിക്കുന്നത്, ശ്രീ. തച്ചടി ഇപ്പോൾ പറയുന്ന 100 കോടി രൂപ, നിലവിലുള്ള നികുതിതന്നെ കാര്യക്ഷമമാക്കി പിരിച്ചെടുത്താൽ കിട്ടുമെന്നാണ്.

ഇവിടെ നടക്കുന്ന നികുതി പിരിവിന്റെ കാര്യത്തിൽ, നമ്മുടെ സംസ്ഥാനത്തെ വിഭവസമാഹരണത്തിന്റെ കാര്യത്തിൽ ചില ചില മേഖലകളിലും ചില ചില വിഭാഗങ്ങളിലും ചിലചില പ്രദേശങ്ങളിലുംനിന്ന് നമ്മുടെ സംസ്ഥാനത്തിന് ഉണ്ടാകേണ്ട വരുമാനം ഉണ്ടാകാതിരിക്കാനുള്ള കള്ളക്കളികൾ കേരളത്തിലെ ധനകാര്യ മാനേജ്മെന്റിൽ നടന്നിരുന്നു എന്ന് ഞങ്ങൾ കഴിഞ്ഞ കാലഘട്ടത്തിൽ പ്രതിപക്ഷത്തുനിന്ന് പറയുമ്പോൾ ഈ തച്ചടി അടക്കമുള്ളവർ അങ്ങനെ അല്ല എന്നു പറഞ്ഞാണ് കഴിഞ്ഞ കാലഘട്ടത്തിൽ ഞങ്ങളെ നേരിട്ടത്. ഇപ്പോൾ ശ്രീ. തച്ചടി ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് പറയുന്നു, കേരളത്തിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല എന്ന്. ഇവിടെ ഈ പ്രവർത്തനങ്ങൾ നടത്താനുള്ള ഉദ്യോഗസ്ഥൻമാരിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ? ശ്രീ. മാണി ഇവിടെ ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഈ സംസ്ഥാനത്ത് ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻമാരിൽ ഒരു പ്യൂണിനുപോലും ഒരു മാറ്റം ഉണ്ടായിട്ടില്ല. ഉണ്ടായ മാറ്റം ശ്രീ. മാണി ഇരുന്ന കസേരയിൽ ശ്രീ. തച്ചടി വന്നു. അപ്പോൾ മന്ത്രി മാറി. അപ്പോൾ കേരളാ കോൺഗ്രസ്സിന്റെ ശ്രീ. മാണി ഇതേ ഉദ്യോഗസ്ഥൻമാരെ വച്ച് നിലവിലുള്ള നികുതി പിരിച്ചെടുക്കുന്നതിൽ പഴുതുകൾ ഉണ്ടാക്കിക്കൊണ്ട് ഏറ്റവും കുറഞ്ഞ പക്ഷം ഒരു 100 കോടി രൂപ എങ്കിലും പിരിച്ച് എടുക്കാൻ കഴിയുന്നത് നഷ്ടപ്പെടുത്തി, ബോധപൂർവ്വമായി, ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരായി മുൻകാലത്തെ ധനകാര്യമന്ത്രി പ്രവർത്തിച്ചു എന്നുള്ളതാണ് ആ 100 കോടി പിരിച്ചെടുക്കാൻ തനിക്ക് കഴിയുമെന്ന് ശ്രീ. തച്ചടി ഊറ്റം കൊള്ളുന്നതിന്റെ അർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് 100 കോടി രൂപ പിരിച്ചെടുക്കാൻവേണ്ടിയുള്ള നിങ്ങളുടെ സംവിധാനം? മുമ്പ് വയലാർ രവി പറഞ്ഞു നമ്മുടെ സുകുമാരക്കുറുപ്പിനെ പിടിക്കാനായിട്ട് കെ.എസ്.യു.വിന്റെ സ്കാഡുകളെ ഇറക്കാൻ പോകുന്നു എന്ന്. കെ.എസ്.യു.

12 noon] വിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും സ്കാഡുകളെ ഇറക്കി സുകുമാരക്കുറുപ്പിനെ കണ്ടുപിടിച്ചു കൊണ്ടുവരുമെന്ന് വയലാർ രവി ഈ സഭയിൽ ഒരു പ്രഖ്യാപനം നടത്തി. അതുപോലെ കോൺഗ്രസ്സിന്റെ വല്ല സ്കാഡുകളെയും ഇറക്കിയാണോ ഈ പിരിവ് നടത്താൻ ഉദ്ദേശിക്കുന്നത്? കോൺഗ്രസ്സിന്റെ വല്ല സ്കാഡുകളെയും ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? വനിതാ സ്കാഡോ അതുപോലെയുള്ള മറ്റു വല്ല സ്കാഡുകളോ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? മാണി ധനകാര്യമന്ത്രിയായിരിക്കുമ്പോൾ ഉള്ള ഉദ്യോഗസ്ഥൻമാർ തന്നെയാണ് ഇപ്പോഴും ഉള്ളത്. എന്നാൽ തച്ചടിക്ക് ഇപ്പോഴുള്ള സംവിധാനം കാര്യക്ഷമമാക്കി 100 കോടി രൂപ പിരിക്കാനുള്ള സംവിധാനം എന്താണെന്ന് മറുപടി പറയുമ്പോൾ വ്യക്തമാക്കണം. കഴിഞ്ഞ ധനകാര്യ ബില്ലിന്റെ ചർച്ച നടക്കുമ്പോഴൊന്നും അദ്ദേഹം ഈ പ്രഖ്യാപനം നടത്തിയിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിലും ആവർത്തിച്ചു ചോദിച്ചിട്ടും അതിന് അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിൽ അതിനുള്ള കാര്യങ്ങളൊന്നും ചർച്ച ചെയ്തിട്ടില്ല. പോകട്ടെ. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ച കഴിഞ്ഞ് വന്നിരിക്കുന്ന ഈ ബില്ലിലെങ്കിലും തന്റെ ആ മാസ്മര വിദ്യ എങ്ങനെയാണ് പ്രായോഗികമാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കണം. ആ നടപടികളും എന്താണെന്ന് ഒന്നു പറഞ്ഞാൽ തരക്കേടില്ല. ഇവിടെ രണ്ടുമൂന്നു സ്കാഡുകളെക്കുറിച്ചൊക്കെ പറഞ്ഞു. സ്കാഡും സൂപ്പർ സ്കാഡും എല്ലാം ഉണ്ടാക്കിയാലും ഇന്നുള്ളതിൽ നിന്ന് അപ്പുറത്തേക്ക് എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുന്നതല്ല. ഈ ധനകാര്യബില്ലിൽ നിർദ്ദേശിച്ചിരുന്ന ലോട്ടറിയുടെ കാര്യം പിൻവലിച്ചതുപോലെ ചെയ്യാൻ കഴിയുന്ന ഒരു കാര്യം ഞാൻ പറയാം. ഈ ബിൽതന്നെ പിൻവലിക്കാൻ തച്ചടി തയ്യാറാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നേരത്തേ ധനകാര്യബില്ലിന്റെ ചർച്ചയിൽത്തന്നെ ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: ജില്ലാ സഹകരണബാങ്കുകളിൽനിന്നും സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുക്കാമെന്നുള്ള ധാരണയിലാണ് ഈ പ്രഖ്യാപനം നടത്തുന്നത് എന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇതെല്ലാം കൂടി ഒരുമിച്ച് കൈകാര്യം ചെയ്യുന്നതുകൊണ്ട് ഇനി അങ്ങനെ വല്ല ധാരണയും ഉണ്ടോ എന്നെനിക്കറിയില്ല. അതുകൊണ്ട് ലോട്ടറിയുടെ കാര്യം പിൻവലിച്ചതുപോലെ ഈ ബില്ലും പിൻവലിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇപ്പോൾ കേരളാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അവരുടെ താൽപ്പര്യത്തിനുവേണ്ടി ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം ബലികഴിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളും പ്രവർത്തനങ്ങളുമാണ് നടക്കുന്നത്. അതിനു പകരം കോൺഗ്രസ്സിന്റെ രാഷ്ട്രീയമായ താൽപ്പര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടിയുള്ള പ്രഖ്യാപനങ്ങളും ചെപ്പടി വിദ്യകളുമാണ് നടത്തുന്നത്. ഇന്നലെവരെ ഉണ്ടായതുപോലെയുള്ള ആപത്തുകളും തീർച്ചയായും ഇനിയും ഈ കാര്യങ്ങളിൽ ഉണ്ടാകും. അതിനപ്പുറത്തേക്ക് എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മാറ്റം ഉണ്ടാകും എന്നുള്ള പ്രതീക്ഷയില്ല. അതുകൊണ്ട് ഈ ബിൽ പിൻവലിക്കുന്നതാണ് നല്ലത്. ഇത്രയും പറഞ്ഞുകൊണ്ട് ഈ ടിന്നാടി പ്രായക്കുറിപ്പ് ഞാൻ മുന്നോട്ടു വയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

Shri Kodiyeri Balakrishnan: Sir, the Kerala Finance Bill 1986 as reported by the Subject Committee be circulated for obtaining public opinion. ഞാൻ ഈ ഫിനാൻസ് ബില്ലിലെ നികുതി നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ഈ ഫിനാൻസ് ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെയുള്ള നികുതി നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ വിലക്കയറ്റത്തിന് ഇട വരുത്തും. സാധാരണക്കാരനെ ബാധിക്കുന്ന നികുതി നിർദ്ദേശങ്ങളാണ് ഈ ഫിനാൻസ് ബില്ലിൽക്കൂടി ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ലൂബ്രിക്കേറ്റിംഗ് ഓയിലിന്റെ വില വർദ്ധിക്കുന്നു. പി.വി.സി. തുണിയുടെ വില വർദ്ധിക്കുന്നു. വാട്ടർ പ്രൂഫ് തുണിയുടെ വില വർദ്ധിക്കുന്നു. റെക്സിനിന്റെയും ടാർപോളിന്റെയും വില വർദ്ധിക്കുന്നു. ഇതിന്റെ ഫലമായി, സഖാവ് ഗവേരിയമ്മ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ കുട്ടികൾ കളിക്കാൻ ഉപയോഗിക്കുന്ന കളി സാധനങ്ങളുടെ വിലപോലും വർദ്ധിക്കാനാണ് പോകുന്നത്. ഇവിടെ എല്ലാ സാധനങ്ങൾക്കും വിലക്കയറ്റത്തിനു മാത്രം ഇടയാക്കുന്ന നികുതി നിർദ്ദേശങ്ങളിൽക്കൂടിയാണ്, 15 കോടി രൂപയുടെ മിച്ചം കാണിച്ചിരിക്കുന്നത്. 15 കോടി രൂപയുടെ മിച്ചം ഉണ്ടാകുമോ, കമ്മിയായിരിക്കുമോ എന്നുള്ള അവകാശവാദത്തിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. സാധാരണക്കാരന്റെ തലയ്ക്ക് മുകളിൽ ഇത്രമാത്രം ജീവിതഭാരം അടിച്ചേൽപ്പിച്ചിട്ട് നമ്മുടെ സംസ്ഥാനത്ത് 15 കോടിയുടെ മിച്ചം ഉണ്ടാകും എന്നു അവകാശപ്പെടുന്നതിൽ എന്തർത്ഥമാണുള്ളത്? ഇവിടെ നികുതി കെട്ടാത്ത ഏതെങ്കിലും ഒരു സാധനമുണ്ടോ? എല്ലാ സാധനങ്ങൾക്കും നികുതി ആയില്ലേ? ഏതെങ്കിലും ഒരു സാധനത്തിന് നികുതി ഇല്ലാതുണ്ടോ? ഞാൻ ആലോചിച്ചു നോക്കിയപ്പോൾ ഒരു സാധനത്തിനു മാത്രമേ ഇപ്പോൾ നികുതി ഇല്ലാതെയുള്ളു. അത് നാം ശ്വസിക്കുന്ന വായുവിന് മാത്രമാണ്. തച്ചടി പ്രഭാകരൻ തന്നെയാണ് ഇനി മന്ത്രിയാകാൻ പോകുന്നതെങ്കിൽ പരിസ്ഥിതി സംരക്ഷണമെന്നോ മറ്റോ പറഞ്ഞുകൊണ്ട് വായുവിനുപോലും നികുതി കെട്ടിക്കളയും. അതുകൊണ്ട് 15 കോടി രൂപ മിച്ചം കാണിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കാൻ പുതിയ ധനകാര്യമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്. ഇവിടെ ഓരോ സാധനത്തിനും ഓരോ ദിവസം കഴിയുന്തോറും വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അണ്ണാൻ തെങ്ങിന്റെ മുകളിൽ കയറുന്നതുപോലെയാണ് ഇവിടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. അണ്ണാൻ തെങ്ങിന്റെ മുകളിൽ കയറുന്നത് കണ്ടിട്ടില്ലേ സർ? ഒരു കയറം കയറിയാൽ ഒരു നിൽപ്പ് നിന്നിട്ട് ചിലയ്ക്കും. ആ ചിലപ്പാണ് നമ്മുടെ ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം.

[ശ്രീ. പി. എം. ഹസ്സൻ: അണ്ണാൻ മരം കയറുന്നതു കണ്ടിട്ടുണ്ടോ? ഒറ്റവാശിക്ക് മുകളിലോട്ട് കയറും. അതുപോലെ താഴോട്ടിറങ്ങും. പിന്നേയും മുകളിലോട്ടു കയറും. അണ്ണാനാണെങ്കിൽ അങ്ങനെയേ കയറുകയും ഇറങ്ങുകയും ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അണ്ണാൻ മരത്തിന്റെ മുകളിൽ കയറുമ്പോഴും കുറച്ചു കയറിയിട്ട് കുറച്ച് ഇറങ്ങും. ഇറങ്ങുമ്പോഴും നമ്മളും വിചാരിക്കും താളം തെറ്റിപ്പോയി എന്ന്. രണ്ടാമതും അണ്ണാൻ ഒരൊറക്ക യറമാണ്. കയറിയിട്ട് പിന്നേയും ഇറങ്ങും. അതുകൊണ്ട് ഇട യ്ക്കിടെ ബഡ്ജറ് പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രിമാർ ചില ആനുകൂല്യങ്ങളെല്ലാം പ്രഖ്യാപിക്കും. പക്ഷേ ആ ആനുകൂല്യങ്ങളെല്ലാം കൂടുതൽ വിലക്കയറ്റത്തിനാണ് ഇടയാക്കുന്നത്. എല്ലാറ്റിനും നികുതി കെട്ടുന്ന നയം സ്വീകരിക്കുന്ന നമ്മുടെ ഗവൺമെന്റ് ഇപ്പോഴും ഈ നികുതി നിർദ്ദേശങ്ങളുമായി വന്നിട്ടുള്ളത് സാധാരണക്കാരന്റെ തലയ്ക്ക് വലിയ ജീവിത ഭാരം അടിച്ചേൽപ്പിക്കാനാണ്. ഇത്രയധികം നികുതി പിരിച്ചുണ്ടാക്കിയിട്ട് ഇവിടെ എന്തു വികസന പ്രവർത്തനങ്ങളാണ് നടത്താൻ പോകുന്നത്. സാധാരണ വികസന പ്രവർത്തനങ്ങളെല്ലാം മുരടിക്കാൻ പോവുകയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറിൽ ആശുപത്രി കെട്ടിടങ്ങൾ ഉണ്ടാക്കാൻ മാത്രം 21 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറിൽ 12 കോടി രൂപ മാത്രമേ ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ വേണ്ടി നീക്കിവച്ചിട്ടുള്ളു. അങ്ങനെ ഓരോ രംഗം എടുത്തു പരിശോധിച്ചു നോക്കിയാലും കഴിഞ്ഞ വർഷത്തെ ബഡ്ജറും അലോട്ട്മെന്റും ഈ വർഷത്തെ ബഡ്ജറിൽ കാണാൻ സാധിക്കുന്നില്ല. നമ്മുടെ റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി പണം നീക്കിവച്ചത് നോക്കിയാൽ കോട്ടയം ജില്ലയിൽ പാല നിയോജകമണ്ഡലത്തിലെ റോഡുകൾക്കും പാലങ്ങൾക്കും ആവശ്യത്തിനനുസരിച്ച് പണം നീക്കിവച്ചിട്ടുണ്ട്. മറ്റ് എം. എൽ. എ. മാരുടെ മണ്ഡലങ്ങളിൽ റോഡുകൾക്കും പാലങ്ങൾക്കും 100 രൂപ, 500 രൂപ, 1000 രൂപ എന്നിങ്ങനെയാണ് പണം നീക്കിവച്ചിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളുടെ ലിസ്റ് ഞാൻ പരിശോധിച്ചു നോക്കി. തലശ്ശേരിയിൽ ഒന്നാം റെയിൽവേ ഗേറ്റിന് ഒരു ഓവർ ബ്രിഡ്ജ് നിർമ്മിക്കുവാൻ ബഡ്ജറിൽ പണം നീക്കിവച്ചിട്ടുണ്ട്. എത്രയാണെന്നറിയാമോ? 100 രൂപ. അവിടെ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ ബഡ്ജറിൽ പണം നീക്കി വച്ചിട്ടുണ്ട്. എത്രയാണെന്നറിയാമോ? 100 രൂപ. ഇതാണ് മാണി അവതരിപ്പിച്ച ബഡ്ജറിൽ കാണാൻ സാധിക്കുന്നത്. മാണി പാലയ്ക്ക് മുൻഗണന കൊടുത്തു എങ്കിൽ പുതിയ ധനകാര്യമന്ത്രിയായിട്ട് തച്ചടി വന്നപ്പോൾ കായംകുളത്തിന് മുൻഗണന കൊടുക്കാനാണ് പരിപാടി. പാലയോടൊന്നു മത്സരിക്കാൻ കായംകുളത്ത് തച്ചടി ഒരു പുതിയ പരിപാടി ആസൂത്രണം ചെയ്തിരിക്കുകയാണ്. അതിനുവേണ്ടി കായംകുളം ഒരു താലൂക്കാക്കാനും മറ്റും ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ ധനകാര്യമന്ത്രിമാർ സംസ്ഥാനത്തിന്റെ വിശാല താൽപ്പര്യം ഉൾക്കൊള്ളണം. മാണി പാലായിൽ ഒതുങ്ങിയെങ്കിൽ തച്ചടി കായംകുളത്ത് ഒതുങ്ങാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: കായംകുളം കൊച്ചുണ്ണിക്ക് ഒരു പ്രതിമ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കായംകുളം കൊച്ചുണ്ണിമാരാണ് ഇവിടെ ഭരിക്കുന്നത്. അതുകൊണ്ട് കൊച്ചുണ്ണിക്ക് ഒരു പ്രത്യേക പ്രതിമ ഉണ്ടാക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പുതിയ

LIBRARY ARCHIVES Kerala Legislative Assembly

തരത്തിലുള്ള നികുതി നിർദ്ദേശങ്ങളെല്ലാം കൊണ്ടുവന്ന് വികസന പ്രവർത്തനങ്ങളും മുരടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ വേതനം തൊഴിൽ രഹിതമായ മുഴുവൻ ആളുകൾക്കും കൊടുക്കാൻ ആവശ്യമായ പണം കണ്ടിട്ടുണ്ടോ? തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി അപേക്ഷിച്ചവർക്ക് തൊഴിലില്ലായ്മ വേതനം കിട്ടുന്നില്ല.

അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാനാവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ ഇല്ല. അതു പോലെതന്നെ അംഗവൈകല്യം സംഭവിച്ചവർക്കും വിധവകൾക്കും പെൻഷൻ കൊടുക്കുന്നതിന് ആവശ്യമായത്ര തുകപോലും ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ സർക്കസ് കലാകാരൻമാർക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് പെൻഷൻ ഏർപ്പെടുത്തി. ആ സർക്കസ് കലാകാരൻമാരുടെ പെൻഷൻ ഇന്നു നാമമാത്രമായ ആളുകൾക്കുമാത്രമേ കൊടുക്കുന്നുള്ളൂ. അർഹതപ്പെട്ട ആളുകൾക്ക് കൊടുക്കുന്നില്ല. അതിനും കാരണം ബഡ്ജറ്റിൽ ആവശ്യമുള്ളത്ര പണം ഉൾക്കൊള്ളിക്കാത്തതുതന്നെയാണ്. സർക്കസ് കലാകാരൻമാർക്കു പോലും പെൻഷൻ കൊടുക്കാൻ സാധിക്കാത്തവരാണ് 15 കോടി രൂപയുടെ മിച്ചം ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ കാണിച്ചു തരാമെന്ന് ജനങ്ങളോട് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. പക്ഷേ കേന്ദ്ര ധനകാര്യ സഹമന്ത്രി ജനാർദ്ദൻ പൂജാരി പറഞ്ഞത് '15 കോടിരൂപ മിച്ചമുണ്ടാക്കാൻ പോകുന്നില്ല, കമ്മിയാകുമെന്നാണ്. എന്നാൽ നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത് കമ്മിയുമാകാം മിച്ചവുമാകാമെന്നാണ്. ഒരു ഭാഗത്തുകൂടി നോക്കുമ്പോൾ കമ്മി വേറൊരു ഭാഗത്തുകൂടി നോക്കുമ്പോൾ മിച്ചം. ഇതാണ് നമ്മുടെ മുഖ്യമന്ത്രി അതിനു കൊടുത്ത ഭാഷ്യം. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ ഇപ്പോൾ കെ. എം. മാണിയെ തിരുത്തിക്കൊണ്ട് നിയമസഭയിൽ ചില പ്രഖ്യാപനങ്ങളെല്ലാം നടത്തി. ഇവരുടെയെല്ലാം മനസ്സിലിരുപ്പ് സാധാരണക്കാരനു കൊടുക്കേണ്ടുന്ന ആനുകൂല്യങ്ങളും വെട്ടിച്ചുരുക്കുകയെന്നതാണ്. ഈ ബഡ്ജറ്റിൽ ഒരുകാര്യം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. വഖഫ് ബോർഡിനു 15 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷവും കൊടുത്തു. വഖഫ് ബോർഡിനു പണം കൊടുക്കുന്നതിനെയല്ല ഞങ്ങൾ എതിർക്കുന്നത്. വഖഫ് ബോർഡിനു പണംകൊടുക്കുന്നതിന്റെ പേരിൽ മുസ്ലീം മതമൗലികതാവാദികൾക്ക് കീഴടങ്ങി. അങ്ങനെ അവർക്ക് പണം കൊടുക്കുന്നു. അതു കഴിഞ്ഞ് ക്ഷേത്രങ്ങളിലെ പൂജാരിമാർക്ക് പെൻഷൻ വേണമെന്ന് എൻ. ഡി. പി. യും ആർ. എസ്. എസ്സും ആവശ്യപ്പെട്ടപ്പോൾ ദേവസ്വം ബോർഡിനു ഈ ഗവൺമെൻറ് പണം കൊടുത്തു സർ.. മുക്കിമാർക്ക് പെൻഷൻ, പൂജാരികൾക്ക് പെൻഷൻ.....

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: സർ, ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടി ഭരിക്കുന്ന വടക്കേ ഇൻഡ്യയിലെ ഒരു കൊച്ചു സംസ്ഥാനമായ ത്രിപുരയിൽ വഖഫ് ബോർഡിനു കൊല്ലംതോറും രൂപ കൊടുക്കുന്നുണ്ടെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ത്രിപുരയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെൻറ് വഖഫ് ബോർഡിനു പണം കൊടുക്കുന്നുണ്ട്. അവിടെ പണം കൊടുക്കുന്നത് വിദ്യാഭ്യാസപരമായി

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കം നിൽക്കുന്ന മുസ്ലീം സമുദായത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസപരമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുവേണ്ടിയാണ്. ഇവിടെ വഖഫ് ബോർഡിന് കിട്ടുന്ന പണം മുക്രികിമാരുടെ പെൻഷനുവേണ്ടിയാണ് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. വി. മുഹമ്മദ്: മുക്രികിമാരുടെ പെൻഷനുവേണ്ടി ഒരു നയാപൈസപോലും ഈ ഗവൺമെന്റ് കൊടുക്കുന്നില്ലെന്നുള്ള വിവരം മെമ്പർക്കറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുക്രികിമാരുടെ പെൻഷൻ തന്നില്ലെങ്കിൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുകയില്ലെന്ന് മുസ്ലീം ലീഗു പറഞ്ഞപ്പോഴാണ് ആ അന്ത്യശാസനത്തിനുമുമ്പിൽ കീഴടങ്ങിയിട്ടാണ് 15 ലക്ഷം രൂപ വഖഫ് ബോർഡിന് കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചതെന്ന് എല്ലാവർക്കും അറിയാവുന്ന വസ്തുതയല്ലേ സർ? സാധാരണക്കാരായ തൊഴിലാളികൾ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ചോദിച്ചപ്പോഴാണ് അത് ഈ ഗവൺമെന്റ് അനുവദിച്ചില്ല. അദ്ധ്യാപകൻമാർ സമരം ചെയ്താൽ അടി, യൂണിവേഴ്സിറ്റി ജീവനക്കാർ സമരം ചെയ്താൽ അവർക്ക് അടി, വിദ്യാർത്ഥികൾ സമരം ചെയ്താൽ അവർക്ക് ഇടി. എന്നാൽ മുക്രികിമാർക്ക് പെൻഷൻ. അമ്പലത്തിലെ പൂജാരിക്കും പെൻഷൻ. ഇതിനുവേണ്ടി പണം ധൂർത്തടിച്ചതുകൊണ്ടാണ് കർഷകത്തൊഴിലാളികളുടേയും വികലാംഗരുടെയും മറ്റും പെൻഷൻ കൊടുക്കാൻ സാധിക്കാത്തത്. അത്യാവശ്യകാര്യങ്ങൾക്കുപോലും പണമില്ലാത്ത ഒരു ഗവൺമെന്റാണിന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. ഇതിനുവേണ്ടിയാണ് പാവപ്പെട്ടവന്റെ തലയ്ക്ക് മുകളിൽ ഭാരം അടിച്ചേൽപ്പിക്കുന്ന പുതിയ നികുതി നിർദ്ദേശങ്ങളുമായി കരുണാകരന്റെ ഗവൺമെന്റ് അതിനുവേണ്ടി തച്ചടി പ്രഭാകരനും ഇവിടെ ഒരു ധനകാര്യ ബില്ലുമായി മുന്നോട്ടു വന്നിട്ടുള്ളത്. ഈ ധനകാര്യ ബില്ലെന്നു പറയുന്ന ഏർപ്പാടുതന്നെ കെ. എം. മാണി കണ്ടുപിടിച്ച ഒരു പുതിയ വിദ്യയാണ്. എല്ലാ വകുപ്പുകൾക്കു മുകളിലും മേധാവിത്വം സ്ഥാപിക്കുന്നതിനുവേണ്ടി കെ. എം. മാണിയാണ് ഫിനാൻസ് ബില്ലെന്നു പറയുന്ന പുതിയ സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നത്. ഫിനാൻസ് ബിൽ എന്നു പറയുന്ന ഒരു സമ്പ്രദായം ഇവിടെ ആവിഷ്ക്കരിക്കുകയും എല്ലാ വകുപ്പിന്റെ മുകളിലും ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പിടി മുറുക്കാനും മാണി എല്ലാ ഡിപ്പാർട്ടുമെന്റുകളിലും കയറി ഭരിക്കാനും തുടങ്ങിയപ്പോഴാണ് അദ്ദേഹത്തിന്റെ കൈയിൽനിന്ന് ധനകാര്യവകുപ്പ് തട്ടിയെടുക്കണമെന്ന് കോൺഗ്രസ് (ഐ) ക്ക് തോന്നിയത്. അതിന്റെ ഫലമാണു സർ, ഇപ്പോൾ ധനകാര്യവകുപ്പ് പുതിയൊരു മന്ത്രിയുടെ കൈകളിലേയ്ക്ക് വന്നിട്ടുള്ളത്. ഈ മന്ത്രിയും എല്ലാ വകുപ്പുകളിലും കൈയിട്ടു വാരാനുള്ള ശ്രമംതന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് കോൺഗ്രസ്സ് (ഐ)—യുടെ പുതിയ നയത്തിന്റെ ഭാഗമാണ്. കാരണം കോൺഗ്രസ്സ് (ഐ) പറയുന്നത് അനുസരിക്കാത്തവരാരും ആ മുന്നണിയിൽ വേണ്ട. കോൺഗ്രസ്സ് (ഐ) 'തുള്ളടാ കുഞ്ഞിരാമാ' എന്നു പറഞ്ഞാൽ തുള്ളാൻ കഴിയുന്നവർ മാത്രമേ ഐക്യജനാധിപത്യ മുന്നണിയിൽ വേണ്ടൂ എന്നാണ് കോൺഗ്രസ്സ് (ഐ)—യുടെ ഇപ്പോഴത്തെ നിലപാട്. അതുകൊണ്ടാണ് കോൺഗ്രസ്സ് (ഐ)—യുടെ നയം ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ടി ധനകാര്യവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സ് (ഐ)—ക്കാർതന്നെ ഏറെറടുത്തത്. അങ്ങനെ എല്ലാ വകുപ്പിന്റെ മുകളിലും മേധാവിത്വം അടിച്ചേൽപ്പിക്കാൻ വേണ്ടിയുള്ള നീക്കത്തിന്റെ ഭാഗമായിട്ടാണ് ഇപ്പോഴ ഈ ഫിനാൻസ് ബിൽ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഈ നികുതി നിർദ്ദേശങ്ങളം സാധാരണക്കാരനെ ബാധിക്കുന്നതാണ്. അതുകൊണ്ട് ഇത് പിൻവലിക്കണം.

ശ്രീ. വി. കെ. രാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986—ലെ കേരള ധനകാര്യ ബിൽ, വീണ്ടും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന ഭേഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, നമ്മുടെ രാജ്യത്തെ സാധാരണ ജനങ്ങളെ വളരെയേറെ ബാധിക്കുന്ന പുതിയ നികുതി നിർദ്ദേശങ്ങളാണ് ഈ ബില്ലിലുള്ളത്. അതുകൊണ്ട് അതിനെ എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ വരുമാനമാർഗ്ഗങ്ങളിൽ പറഞ്ഞിരിക്കുന്നത് ലോട്ടറിയിൽനിന്ന് 5 കോടി രൂപ കിട്ടുമെന്നാണ്. അതിപ്പോഴ വേണ്ടാ എന്നു വച്ചിരിക്കുകയാണ്. തച്ചടി പ്രഭാകരൻ കഴിഞ്ഞ ദിവസം ഇവിടെ പുതിയ പരിഷ്ക്കാരങ്ങം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. അത് എന്നു നടപ്പിലാക്കുമെന്നും എന്താണ് പരിഷ്ക്കാരമെന്നും അദ്ദേഹം വ്യക്തമാക്കിയില്ല? ഇപ്പോഴ സ്റ്റാമ്പ് രജിസ്ട്രേഷൻ ഡ്യൂട്ടിയിൽനിന്ന് 20 കോടി രൂപ ലഭിക്കുമെന്നാണ് പുതിയ നികുതി നിർദ്ദേശമുള്ളത്. അതിനാവശ്യമായ ഒരു നടപടിയും നാളിതുവരെ സ്വീകരിക്കപ്പെട്ടിട്ടില്ല.

ശ്രീ. എ.വി. താമരാക്ഷൻ: ലോട്ടറിയിൽനിന്ന് 5 കോടി രൂപ കിട്ടിയില്ലെങ്കിലും, രാഷ്ട്രീയ ലോട്ടറിയിൽ തച്ചടിക്ക് മന്ത്രിപ്പണി കിട്ടിയത് അറിയാമോ?

ശ്രീ. വി. കെ. രാജൻ: അത് കോൺഗ്രസ്സ് (എ)—ക്കാരെ ഒതുക്കാൻവേണ്ടി കരുണാകരൻ ചെയ്തത്.....

മി. സ്പീക്കർ: അങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടു നിന്നാൽ സമയം കിട്ടുകയില്ല. ഇത് ധനകാര്യ ബില്ലിന്റെ ചർച്ചയാണ്. അതുസംബന്ധിച്ചാണ് മറുപടി പറയേണ്ടത്. അങ്ങേക്ക് ധനകാര്യ ബില്ലിനെക്കുറിച്ച് വിലപ്പെട്ട പലതും പറയാൻ കാണും. അത് പറയൂ.

ശ്രീ. വി. കെ. രാജൻ: എനിക്ക് വിലപ്പെട്ട അഭിപ്രായങ്ങം പറയാനുണ്ട്. എങ്കിലും താമരാക്ഷൻ ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. 20 കോടി രൂപ സ്റ്റാമ്പ് രജിസ്ട്രേഷൻ ഇനത്തിൽ ലഭിക്കുമെന്നുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനവും നിർദ്ദേശങ്ങളും വന്നു. പക്ഷേ അതിനാവശ്യമായ ഒരു നടപടിയും ഇതുവരേയും സ്വീകരിക്കപ്പെട്ടിട്ടില്ല. അതു സ്വീകരിച്ചാലും ഈ വർഷം അത്രയും പണം ഇവിടെ കിട്ടുമെന്നുള്ള കാര്യത്തിൽ യാതൊരു ഉറപ്പുമില്ല. ശ്രീ. കെ. എം. മാണി പണ്ടുകാലത്തു പല പുതിയ നിർദ്ദേശങ്ങളും, പല ആളുകൾക്കും പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചതുപോലെ അത് നടപ്പിലാക്കാതിരിക്കുന്നതുപോലെയാണ് തച്ചടിയുടെ പ്രഖ്യാപനവുമെന്നാണ് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത്. ഇവിടെ പ്രധാനമായും ഇരുമ്പും ഉരുക്കും ഉൽപ്പന്നങ്ങംവഴി

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം സംഖ്യ സമ്പാദിക്കാൻ കഴിയുമെന്നാണ് മറെറാരു നിർദ്ദേശം. ഇവിടെ നേരത്തേ പറഞ്ഞതുപോലെ ഇരുമ്പും ഉരുക്കും സാധനങ്ങൾ എന്നു പറയുന്നത് നമ്മുടെ കാർഷികമേഖലയിൽ അത്യാവശ്യമായിട്ടുള്ള വെട്ടുകത്തി, കൈക്കോട്ട് തുടങ്ങിയ സാധനങ്ങളാണ്. അത്തരം കാര്യങ്ങൾ വഴി കൃഷിക്കാരുടെമേൽ ഉണ്ടാക്കുന്ന ഒരു പുതിയ നികുതി നിർദ്ദേശമാണിത്. അത് കാർഷികമേഖലയിലെ കൃഷിക്കാർക്കെതിരായുള്ള കാര്യമാണ്. ഒരുകാര്യം ഞാൻ ഇപ്പോൾ ഓർത്തുപോകുകയാണ്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലെ മുഖ്യമന്ത്രി എം. ജി. രാമചന്ദ്രന്റെ ഒരു പ്രഖ്യാപനം ഈ അടുത്ത ദിവസം പത്രങ്ങളിൽനിന്ന് വായിക്കാനിടയായി. തമിഴ്നാട്ടിലെല്ലാം കൊച്ചുപിച്ചാത്തി കൊണ്ടുനടക്കാമെന്ന്. അങ്ങനെ ഒരു നിർദ്ദേശം വച്ചു. മി. തച്ചടി പ്രഭാകരൻ അത്തരം വല്ല നിർദ്ദേശവും പ്രഖ്യാപിക്കുമോയെന്നൊന്നും എനിക്കറിഞ്ഞുകൂടാ? മുഖ്യമന്ത്രിയുടെ അഭാവത്തിൽ ഇപ്പോൾ അദ്ദേഹം ഒരു മുഖ്യമന്ത്രിയായിട്ട് ഇരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ചുമതലകളും അദ്ദേഹം ഇപ്പോൾ നിർവ്വഹിക്കുകയാണ്. അപ്പോൾ തച്ചടി അങ്ങനെ കൊച്ചുപിച്ചാത്തി കൊണ്ടുനടക്കണമെന്ന നിർദ്ദേശം വച്ചാൽ ഒരുപക്ഷേ കേരളത്തിലെ എല്ലാവരും അങ്ങനെ നടക്കാൻ നിർബന്ധിതരായിത്തീരും. കാരണം ഇപ്പോൾത്തന്നെ എല്ലാവർക്കുമറിയാം കേരളത്തിലെ ഒരവസ്ഥ. എന്റെ നിയോജകമണ്ഡലത്തിലെ എന്റെ പാർട്ടി ഓഫീസിൽ ഇന്നലെ കളളൻ കയറി ഒരു റേഡിയോ എടുത്തുകൊണ്ടുപോയി. അവിടെയുള്ള ഫയലുകൾ ഉണ്ടോയെന്നറിയില്ല? തൊട്ടടുത്ത ഫോട്ടോ സ്റ്റുഡിയോ കുത്തിത്തുറന്ന് ഒരുലക്ഷത്തിലേറെ രൂപയുടെ സാധനങ്ങൾ കൊണ്ടുപോയി. അതുകൊണ്ട് നാട്ടുകാർ സ്വയരക്ഷയ്ക്കുവേണ്ടി ഇനി പിച്ചാത്തികൊണ്ടു നടക്കണം. അത്രയേറെ ഭീകരമായ ഒരു അവസ്ഥാവിശേഷം കൊള്ളയും കൊലയും നിത്യേന നടക്കുന്ന ഒരു സംസ്ഥാനമെന്ന അടിസ്ഥാനത്തിൽ എം. ജി. രാമചന്ദ്രന്റെ നിർദ്ദേശം ശ്രീ. തച്ചടി പ്രഭാകരനും സ്വീകരിക്കുമോ? നിങ്ങൾ അത് പ്രഖ്യാപിക്കുമോ? പല ദിവസവും തച്ചടി പ്രഭാകരൻ ഇവിടെ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. സപ്ലിമെന്ററി ഗ്രാന്റിന്റെ ചർച്ചാവേളയിലും നടത്തി. ഇന്നലെ നടത്തിയത് തിരഞ്ഞെടുപ്പു പ്രഖ്യാപനമാണ്. .....(ബഹളം)..... പുതിയ നികുതി നിർദ്ദേശങ്ങൾ പറഞ്ഞു. ഇവിടെ കൊച്ചുപിച്ചാത്തി കൊണ്ടുനടക്കണമെന്ന് തച്ചടി പ്രഭാകരൻ ഇന്നു പ്രഖ്യാപിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കാരണം തച്ചടിപ്രഭാകരൻ തന്നെ അബദ്ധത്തിലാണ്. തച്ചടി പ്രഭാകരനെ അവിടെ കയറിയിരുത്തിയതുതന്നെ അവതാളത്തിലാണെന്നറിയാമോ? കറിവേപ്പില മാതിരി അദ്ദേഹത്തെ എടുത്തുകളയാൻ പോകുന്ന കാലം വരാൻ പോകുകയാണ്. വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ മാനമായിട്ട് നാട്ടുകാർക്ക് വല്ല കാര്യവും ചെയ്യണം. കെ. എം. മാണി ചെയ്തതുപോലെ പാലയിലും അതുമാതിരിയുള്ള മറ്റു പ്രദേശങ്ങളിലും മാത്രം നിങ്ങൾ കാര്യങ്ങൾ ചെയ്താൽ പോരാ. അങ്ങനെ വരാതിരിക്കാൻവേണ്ടി ഭരണ–പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ സ്ഥലങ്ങളിലും വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കാൻ ഈ നികുതി പണം വിനിയോഗിക്കണമെന്നുകൂടി എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്.

ഞാൻ പറഞ്ഞുവരുന്നത് നികുതിനിർദ്ദേശങ്ങളുടെ കാര്യത്തിൽ പ്രധാനമായും നമുക്ക് കിട്ടുന്നത് സെയിൽസ്ടാക്സും എക്സൈസ് ഡ്യൂട്ടിയുമാണ്. ഈ രണ്ടു ഇനത്തിലുമാണ് ഭീമമായ സംഖ്യ നമ്മുടെ സംസ്ഥാനത്ത് വരേണ്ടത്. എന്നാൽ ഇന്നലെ ഇവിടെ കൊണ്ടുവന്ന

LIBRARY ARCHIVES Kerala Legislative Assembly

സപ്ലിമെന്ററി ബഡ്ജറിൽ മന്ത്രിമഥന്റെ മദ്യനിരോധന കമ്മിറ്റിക്ക് 25,000 രൂപ കൊടുത്തകാര്യം പറഞ്ഞിട്ടുണ്ട്. നൂറിൽപ്പരം കോടി രൂപ നമ്മുടെ സംസ്ഥാനത്ത് എക്സൈസ് നികുതിയിനത്തിൽ കിട്ടേണ്ടതാണ്. ഇവിടെ ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രി 400 മീറ്ററിന കത്ത് കള്ളുഷാപ്പ് നടത്താൻ പറ്റില്ല എന്ന നിബന്ധനയാണ് വച്ചിരിക്കുന്നത്. മാർക്കോട് പാപ്പനെ എവിടെ വേണമെങ്കിലും വൈൻഷാപ്പ് നടത്താം, മുക്കാടനെ നടത്താം. പ്രമാണിമാരായ ആളുകൾക്ക് യാതൊരുവിധ നിയന്ത്രണങ്ങളുമില്ലാതെ വിദേശമദ്യഷാപ്പുകൾ ആരംഭിക്കുന്നതിന് യാതൊരു തടസ്സവുമില്ല. എന്നാൽ നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗതമായ വ്യവസായത്തിൽ ഏർപ്പെട്ട ഒരു ലക്ഷത്തിലേറെവരുന്ന കള്ളു ചെത്തു വ്യവസായ തൊഴിലാളികളുടെ കാര്യത്തിൽ 400 മീറ്റർ എന്നുള്ളത് മാറ്റണമെന്നുള്ള കാര്യം ഞങ്ങൾ എത്രയോ പ്രാവശ്യം ആവശ്യപ്പെട്ടതാണ്. ഈ നിയമസഭ മറ്റൊന്നാൾ അവസാനിക്കാൻ പോവുകയാണ്. അതിനിടയിൽ ഈ 400 മീറ്റർ എന്ന പരിധിയിൽ ഇളവുവരുത്തിക്കൊണ്ട് കള്ളുഷാപ്പുകളും ബാറുകളും ആരംഭിക്കുന്നതുപോലെ എവിടേയും തുടങ്ങത്തക്കവിധത്തിൽ ഇന്നു നിലവിലിരിക്കുന്ന സംവിധാനത്തിനു ഒരു അറുതി വരുത്താനുള്ള നടപടിയുണ്ടാകുമോ? എന്നാൽ അത് ഉണ്ടാകാത്ത മട്ടിലാണ് 25,000 രൂപ മൻമഥന് കൊടുത്തുകൊണ്ട് ഈ മദ്യനിരോധനത്തിന് പ്രാധാന്യം കൊടുത്തത്. മദ്യനിരോധനം ആരെങ്കിലും അങ്ങനെ പ്രഖ്യാപിച്ചാൽ നടക്കുന്ന കാര്യമാണോ? നമ്മുടെ രാജ്യത്ത് നൂറ്റാണ്ടുകളായി നിലനിൽക്കുന്ന കാര്യമാണ്. എന്നുമാത്രമല്ല മനുഷ്യന്റെ ബോധത്തിൽ ഉണ്ടാകേണ്ട ഒരു കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 26–27 ലക്ഷം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ട് തൊഴിലില്ലാതെ അലയുന്ന ഒരു സംസ്ഥാനത്ത് ഇനിയും ആളുകളെ തൊഴിലില്ലാത്ത ആളുകളായി തള്ളിവിടുന്ന ഒരു നയമാണോ ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്? മി. തച്ചടി പ്രഖ്യാപിക്കേണ്ട കാര്യമാണ്. കാരണം തച്ചടിക്ക് താൽപ്പര്യമുണ്ടാകുമെന്ന് എനിക്ക് അഭിപ്രായമുള്ള കാര്യമാണ്. തച്ചടിക്കറിയാം ആ ജനവിഭാഗത്തിന്റെ ജീവിതപ്രയാസങ്ങളും, അതിന്റെ അടിസ്ഥാനത്തിൽ 400 മീറ്റർ എന്നുള്ള പരിധി മാറ്റാൻ മി. തച്ചടി തയ്യാറാകണം: അതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നൂറിൽപ്പരം കോടി രൂപ കൂടുതൽ വരുമാനം നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നതാണ്. ഇത്തരം ഒരു തൊഴിൽ മേഖലയോട് ഇന്ന് ഈ ഗവൺമെന്റ് ക്രൂരമായ വിരോധമാണ് കാണിക്കുന്നത്. ഒരു വിവരവുമില്ലാത്ത ഒരു മന്ത്രി ശ്രീനിവാസനുണ്ടായിരുന്നു. ശ്രീനിവാസന്റെ പ്രഖ്യാപനം ശ്രീ. കരുണാകരൻ പറഞ്ഞുകൊടുത്തതാണ്. ശ്രീനിവാസനെ വിവരം പറഞ്ഞുകൊടുക്കുന്നത് കരുണാകരനാണല്ലോ. ശ്രീ. കരുണാകരന്റെ പാവയായിരുന്നു ശ്രീനിവാസൻ. ആ കരുണാകരൻ പറഞ്ഞുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ചെത്തു തൊഴിലാളികളെ ചെത്താളികൾ എന്നു സംബോധന ചെയ്തുകൊണ്ട് ഈ രാജ്യത്തെ ചെത്തു വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ അപമാനിച്ച ഒരു ഗവൺമെന്റാണിത്. നൂറിൽപ്പരം കോടി രൂപ കിട്ടണമെങ്കിൽ ഇത്തരം ആളുകൾക്ക് സൗകര്യങ്ങളുണ്ടാക്കണം.

മറ്റൊരു കാര്യം പറയാനാഗ്രഹിക്കുന്നത് കയർതൊഴിലാളികളുടെ കാര്യമാണ്. അങ്ങ് കഴിഞ്ഞദിവസം ഇവിടെ പ്രഖ്യാപനം നടത്തി കയർ തൊഴിലാളികൾക്ക് ഒന്നര കോടി കൊടുക്കുന്നു, അര കോടി രൂപ ഗ്രാന്റായിട്ട് കൊടുക്കുന്നു എന്നൊക്കെ. അങ്ങനെ രണ്ടുകോടി രൂപയുടെ പ്രഖ്യാ

LIBRARY ARCHIVES Kerala Legislative Assembly

പനം നടത്തി. ഞാൻ മി. തച്ചടിയേട് ചോദിക്കുകയാണ്, ഇവിടെ മറുപടിയിൽ അങ്ങ് പറയണം, ആ രണ്ടു കോടി രൂപ നിങ്ങൾ കൊടുത്തോ? ഞാൻ മനസ്സിലാക്കിയിടത്തോളം ആ രണ്ടു കോടി മുഴുവൻ കൊടുത്തില്ല. അത് കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചില്ല. കയർ തൊഴിലാളിക്ഷേമനിധിയിലേക്ക് കൊടുത്ത ആളുകളുടെ എണ്ണം ഞങ്ങൾ ചോദിച്ചു, പറഞ്ഞില്ല. 259 പേർക്കാണ് കൊടുത്തത്. ആയിരക്കണക്കിന് കയർത്തൊഴിലാളികളുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾക്കു വേണ്ടി, അതുപോലെ മെഡിക്കൽ സൗകര്യത്തിനുവേണ്ടി അപേക്ഷകൾ കൊടുത്തു. ഓരോ ജില്ലാ ലേബർ ഓഫീസിലും ആ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. കയർത്തൊഴിലാളികളോട് സ്നേഹമുണ്ടെന്നാണ് മി. തച്ചടിപ്രഭാകരൻ അഭിമാനിക്കുന്നതും, അവകാശപ്പെടുന്നതും. ഞാൻ ചോദിക്കുകയാണ്, ആ ക്ഷേമനിധിയിലേക്ക് പണം കൊടുത്തുകൊണ്ട് കയർത്തൊഴിലാളികൾ ഇന്നു നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരനടപടി സ്വീകരിക്കുമോ എന്ന്. കശുവണ്ടിത്തൊഴിലാളികളെ സംരക്ഷിക്കുന്നില്ല. അങ്ങനെ നമ്മുടെ രാജ്യത്ത് പരമ്പരാഗതവ്യവസായ തൊഴിലാളികളെ സംരക്ഷിക്കാൻ ഈ ബഡ്ജറ്റിൽ എന്തു നടപടിയാണ് നിങ്ങൾ സ്വീകരിച്ചത്? ഒരു നടപടിയും സ്വീകരിക്കുന്നില്ല.

ഞാൻ മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത് ഇവിടെ മി. എം.വി. മാണി ഇന്നലെ ഒരു പ്രസംഗം നടത്തി. ശ്രീമാൻ തച്ചടി ശ്രദ്ധിക്കണം. കേരളാ കോൺഗ്രസ്സിലെ ഒരംഗമായ ശ്രീ. എം.. വി. മാണി പറഞ്ഞിരിക്കുന്നത് 163 കോടി രൂപ എല്ലാവിധ കുടിശ്ശികകൾക്കും നീക്കിയതിനുശേഷം 121 കോടി രൂപ ഇപ്പോൾ ഗവൺമെൻറിന്റെ കൈവശമുണ്ടെന്നാണ്. ശ്രീമാൻ മാണിയുടെ മഹത്തായ നേട്ടമാണ്. കേരളാ കോൺഗ്രസ്സിന്റെ മാനസപുത്രനെന്നാണ് അദ്ദേഹം സംബോധന ചെയ്തത്. ഇപ്പോൾ നിങ്ങൾക്ക് 121 കോടി രൂപയുടെ കാഷ് ബാലൻസുണ്ടോ? കൃത്യമായി കണക്കു പറയാൻ ബാദ്ധ്യസ്ഥനാകണം നിങ്ങൾ. കേരളാ കോൺഗ്രസ്സ് ഒന്നു പറയുന്നു, കോൺഗ്രസ്സ് മറ്റൊന്നു പറയുന്നു. രാഷ്ട്രീയലക്ഷ്യത്തോടുകൂടി ആളുകളെ പറഞ്ഞുവിടാനുള്ള നടപടിയാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഇപ്പോൾ ഉള്ള കാഷ് ബാലൻസ് എത്രയാണെന്ന് അദ്ദേഹത്തിന്റെ മറുപടിയിൽ അദ്ദേഹം പറയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. നമ്മുടെ രാജ്യത്ത് വരുമാനമുണ്ടാക്കുന്നതിന് മാർഗ്ഗങ്ങളുണ്ട്. ആളുകളിൽനിന്നും നികുതി പിരിച്ച് അവരെ കൂടുതൽ കുഴപ്പത്തിലാക്കേണ്ട കാര്യമില്ല. നമ്മുടെ പൊതുമേഖലാ സ്ഥാപനമായ കെ. എഫ്. സി. യെപ്പറ്റി എന്തൊക്കെയാണ് പത്രത്തിൽവന്നത്? കെ. എഫ്. സി. യിൽ ചീഞ്ഞുനാറുന്ന കുറെ സംഭവങ്ങളുണ്ട്. കെ. എഫ്. സി. യിൽ പണാപഹരണം നടത്തുന്നു. ഉദ്യോഗസ്ഥൻമാർ വെറുതെ കടലാസ്സിൽ എഴുതിവച്ചിട്ട് പണമെടുക്കുന്നു. രേഖകളില്ലാതെ പണമെടുക്കുന്നു. പിന്നീട് അത് ഭാര്യയുടെ പേരിൽ മാറ്റുന്നു. എന്നിട്ട് തടിതപ്പി നടക്കുന്നു. ആ തട്ടിപ്പിന് ഉത്തരവാദപ്പെട്ട ഉന്നതസ്ഥാനം വഹിക്കുന്ന നിരവധി നിരവധി ആളുകളുണ്ട്. എഞ്ചിനീയർമാർ പാഞ്ഞു നടന്ന് കമ്മീഷൻ വാങ്ങിച്ച് അവിടെ പണം കൊടുക്കുന്ന നടപടിയുണ്ട്. ഇത്തരം പൊതുമേഖലാസ്ഥാപനങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം നടത്താനുള്ള നടപടി സ്വീകരിക്കണം. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ബിസിനസ്സ് മാനേജുമെൻറിനപ്പുറിയാണ്. അങ്ങനെയൊരു മാനേജുമെൻറ് കേഡറുണ്ടോ? അതിനാവശ്യമായിട്ടുള്ള കേഡർ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? ഈ കേരളത്തിനും ഇന്ത്യയ്ക്കാകെ

LIBRARY ARCHIVES Kerala Legislative Assembly

കൈതന്നെ മാതൃകാപരമായ കെൽട്രോണിനെമാത്രം ഞാൻ ഉദാഹരിക്കുന്നു. ആ കെൽട്രോൺ ഇന്ന് എവിടെ നിൽക്കുന്നു? ഈ ഗവൺമെൻറു വന്നതിനുശേഷം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും അതിൻെറ ബിസിനസ് മാനേജുമെൻറ് പാപ്പരീകരിച്ചിരിക്കുന്നു. കഴിവുള്ള ആളുകളെ ആരേയുമെടുക്കുന്നില്ല. ജാതിയുടെ അടിസ്ഥാനത്തിൽ, മതത്തിൻെറ അടിസ്ഥാനത്തിൽ, പ്രദേശത്തിൻെറ അടിസ്ഥാനത്തിൽ ഇത്രയും ജുഗുപ്സാവഹമായ രീതിയിൽ നമ്മുടെ സംസ്ഥാനത്തിനാകെ അപമാനകരമായ രീതിയിൽ നമ്മുടെ പൊതുമേഖലാ വ്യവസായ ശൃംഖലകളെ അടിച്ചമർത്തിയിരിക്കുകയാണ്. ഈ ഗവൺമെൻറ് ഇനി തുടരുന്നപക്ഷം കെൽട്രോൺ എന്നു പറയുന്ന, ഇന്ത്യക്കാകെതന്നെ അഭിമാനിക്കത്തക്ക നിലയിലുള്ള ആ വ്യവസായ സ്ഥാപനം നശിക്കും. ഞാൻ ധനകാര്യവകുപ്പുമന്ത്രിയോട് പറയുകയാണ് എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും ഉദ്ധരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർ, കർഷകത്തൊഴിലാളികൾ ഇത്തരം ആളുകളെ രക്ഷിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സബ് ജക്ട് കമ്മിറ്റി റിപ്പോർട്ടിൻമേലുള്ള ശ്രീമതി ഗൗരിയമ്മയുടേയും മറ്റു മെമ്പർമാരുടേയും വിയോജനക്കുറിപ്പ് എന്തിനുവേണ്ടിയാണ് എന്നുള്ളതിനെക്കുറിച്ച് എനിക്ക് കാര്യമായി പിടികിട്ടുന്നില്ല. കാരണം ശ്രീമതി ഗൗരിയമ്മ വിയോജനക്കുറിപ്പിന് ആധാരമായ കാരണം പറഞ്ഞത് പി. വി. സി. ക്ലോത്തിന് നികുതി ഈടാക്കിയതിനെ സംബന്ധിച്ചാണ്. പി. വി സി. ക്ലോത്തിൻെറ ഉപകരണങ്ങൾക്ക് എട്ടു ശതമാനം നികുതി ഏർപ്പെടുത്തിയതിനെ സംബന്ധിച്ചാണ്. ഹൈക്കോടതിയിൽനിന്നും പി. വി. സി. ക്ലോത്തിന് ഈടാക്കുന്ന നികുതി എടുത്തുകളഞ്ഞു എന്നതു ശരിയാണ്. അത് ഇന്ത്യാഗവൺമെൻറിൻെറ ക്ലോത്തിൻേറയും ഷുഗറിൻേറയും റബ്ബാക്കോയുടേയും എക്സൈസ് ഡ്യൂട്ടി എടുത്തുകളഞ്ഞുകൊണ്ട് അഡീഷണൽ എക്സൈസ് നികുതി ഈടാക്കുന്ന തീരുമാനത്തെ ആസ്പദമാക്കിയാണ്. അതുകൊണ്ട് ഈ ക്ലോത്തുകളുടെ ഇടയിൽ പി. വി. സി. ക്ലോത്ത് വരികയില്ല എന്നുള്ളതുതന്നെയാണ് കേരളാ ഗവൺമെൻറിൻെറ നിലപാട്. അതിനെ ആധാരമാക്കിക്കൊണ്ട് സുപ്രീംകോടതിയിൽ കേരളാ ഗവൺമെൻറ് അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. കേരളാ ഗവൺമെൻറിന് അനുകൂലമായ വിധിയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പക്ഷേ ഹൈക്കോടതിയുടെ വിധിയിരിക്കുന്നതുകൊണ്ട് പി. വി. സി. ക്ലോത്തിൻെറ മേലുള്ള നികുതി പിരിവ് ഇപ്പോൾ നടക്കുന്നില്ല. നടത്തേണ്ട എന്നുതന്നെയാണ് കേരളാ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: 1984 മുതൽ P.V.C. cloth, Water proof cloth, Rexine and their products and tarpauline ഇവയ്ക്ക് അസ്സസ്മെൻറ് വെറുതെ ഇടുന്നതല്ലാതെ ഒരൊറ്റ പൈസ പിരിച്ചിട്ടില്ല. പിരിക്കാത്ത പൈസയാണ് ഇപ്പോൾ കൂട്ടുന്നത്. പിരിക്കാൻ സാധിക്കാത്തത് കൂട്ടിയിട്ട് വല്ല അർത്ഥവുമുണ്ടോ?

ശ്രീ. തച്ചടിപ്രഭാകരൻ: ക്ലോത്തിൻെറ തന്നെ ടാക്സ് എടുത്തുകളഞ്ഞുവെങ്കിലും റെഡിമെയിഡ് ഗാർമെൻറ്സിന്, എല്ലാ ഉടുപ്പുകൾക്കും ടാക്സുണ്ട്. ക്ലോത്തിൻേറത് എടുത്തുകളഞ്ഞു എന്നുവച്ച് അതുകൊണ്ടുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് നികുതി ഈടാക്കരുതെന്നു പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഇവിടേയും പി. വി. സി. ക്ലോത്തിന്റെ പുതുതായി ഉണ്ടാക്കുന്ന പ്രോഡക്ട്സിനാണ്, അതും കേവലം അഞ്ചുലക്ഷം രൂപ മാത്രമാണ്. ഗൗരിയമ്മയുടെ പ്രസംഗം കേട്ടപ്പോൾ ഭയങ്കരമായ വരുമാന നഷ്ടമുണ്ടാകുമെന്നു തോന്നും. ആകെ ഈ ഗവൺമെന്റ് പ്രതീക്ഷിക്കുന്നത് കേവലം അഞ്ചുലക്ഷം രൂപ മാത്രമാണ്. ഗൗരിയമ്മയ്ക്ക് ഒരു വിചാരമുണ്ട്, ഗൗരിയമ്മക്കല്ലാതെ മറ്റാർക്കും ഈ രാജ്യത്ത് ഭരണത്തിൽ വിവരമില്ലെന്ന്. അത് എനിക്കല്ലാതെ ആർക്കും ഈ രാജ്യത്ത് ഭരണാധികാരി ആകാൻ കഴിവില്ല എന്ന ഒരു തോന്നലുള്ളത് ഗൗരിയമ്മ ആദ്യം ഒന്നു മാറണം. ഗൗരിയമ്മയുടെ പർവ്വതീകരിച്ചുകൊണ്ടുള്ള പ്രസംഗം കേട്ടാൽ ഭീമമായ സെയിൽസ്ടാക്സ് നഷ്ടം ഗവൺമെന്റിന് വരുമെന്നു തോന്നിപ്പോകും. കേവലം അഞ്ചു ലക്ഷം രൂപ മാത്രമേ ഈ ഒരു ഐറ്റത്തിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നുള്ളു. ഈ ഗവൺമെന്റിന് അഡീഷണൽടാക്സ് ഏർപ്പെടുത്തുന്നതിൽ വളരെ ചെറിയ രീതിയിലുള്ള ഏർപ്പാട് മാത്രമാണുള്ളത്. ഇവിടെ 32.04 കോടി രൂപയുടെ കാര്യത്തിൽ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യം നമ്മുടെ രാജ്യത്ത്, എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പതിനായിരം രൂപയുടെ വസ്തു വാങ്ങിച്ചാൽ ആയിരം രൂപ പോലും പ്രമാണത്തിൽ വില വയ്ക്കുകയില്ല എന്നുള്ളത് ഈ രാജ്യത്തെ ഒരു വസ്തുതയാണ്. പൊതുമേഖലാസ്ഥാപനങ്ങളും സഹകരണസ്ഥാപനങ്ങളും മാത്രമാണ് യഥാർത്ഥത്തിലുള്ള വില വയ്ക്കുന്നത്. ഒരു കമ്മീഷനെ വച്ചു പരിശോധിച്ചപ്പോൾ ഈ സംസ്ഥാനത്ത് ഒരു വർഷം കുറഞ്ഞത് 50 കോടി രൂപയെങ്കിലും ഓരോ പ്രദേശത്തേയും എടുത്ത് നോട്ടിഫൈ ചെയ്ത്. അവിടത്തെ വില നിശ്ചയിച്ചുകഴിഞ്ഞാൽ, അതിൽ കുറച്ച്, രജിസ്ററർ ചെയ്യാതിരുന്നാൽ കിട്ടുമെന്നാണ്. പക്ഷേ ഇവിടെ ബഡ്ജറ്റിൽ മറിച്ചൊരു നിർദ്ദേശം വന്നുകഴിഞ്ഞാൽ ഒരു വർഷത്തേതും പൂർണ്ണമായും നമുക്ക് സംഭരിക്കാൻ കഴിയുകയില്ല, എന്നുള്ളതുകൊണ്ട് അതിനുള്ള നിയമനിർമ്മാണവും അതിനുള്ള മറ്റ് നടപടിക്രമങ്ങളും പൂർത്തിയാക്കുന്നുണ്ട്. കഴിയുന്നതും അത് സെപ്തംബർ ആകുമ്പോഴേയ്ക്കും നടപ്പിലാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.....(ബഹളം).....

ശ്രീമതി കെ. ആർ. ഗൗരി: 22 കോടി രൂപയെന്നാണ് പറയുന്നത്. അത് എവിടെനിന്നാണ്? ഞങ്ങളോട് പറഞ്ഞിരിക്കുന്നത് 27 കോടി 90 ലക്ഷം രൂപ എന്നാണ്. നിങ്ങൾ ഈ 32 കോടി എവിടെ നിന്നാണ് കൊണ്ടുവന്നത്? ഈ 32 കോടി അഡീഷണൽ ടാക്സ് എന്നു പറയുന്നത് ഞങ്ങൾക്ക് അറിയേണ്ടേ? നിങ്ങളിപ്പോൾ ഇവിടെ പ്രസംഗിച്ചു, 27.90 ആണെന്ന്. എന്നിട്ടിപ്പോൾ പറയുന്നു 32 കോടിയാണെന്ന്. അപ്പോൾ എവിടെനിന്നാണ് ഈ 32 കോടി രൂപ വരുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ: അത് ഞാൻ പറയാം. ഗൗരിയമ്മ ഇങ്ങനെ ചൊടിച്ചാലോ? ഇങ്ങനെ ചൊടിച്ചാൽ പിന്നെ എങ്ങനെയാണ് പറയുന്നത്? 20 കോടിയെന്ന് പറയുന്നത്, സ്റ്റാമ്പ് ഡ്യൂട്ടിയുടെ രജിസ്ട്രേഷനിൽ ഉണ്ടാകാവുന്ന വെട്ടിപ്പുകൾ തടഞ്ഞ് ന്യായമായ വിലവച്ചുകൊണ്ട് ആധാരം രജിസ്ററർ ചെയ്താൽ ഒരു വർഷത്തിൽ 50 കോടി രൂപയാണ് കിട്ടുമെന്നു പ്രതീക്ഷിക്കുന്നത്. എന്നാൽ ഒരു വർഷത്തേത് മുഴുവൻ പിരിക്കാൻ കഴിയാത്തതുകൊണ്ട് 20 കോടിരൂപയാണ് ഈ ഇനത്തിൽ പിരിക്കാൻ കഴിയുന്നത്. പിന്നെയുള്ളത് ഏവിയേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഫ്യൂവെല്ലിനുള്ള നികുതിയാണ്. ഇതിൽ ഒപ്പാതുജനങ്ങൾക്ക് ബുദ്ധി മുട്ടുകൾ ഉണ്ടാക്കുന്ന ഒരു സാധനങ്ങൾക്കും നികുതിയില്ല. ആഡംബര ങ്ങൾക്കും മറ്റുകാര്യങ്ങൾക്കും മാത്രമേ ഇതിൽ ഉള്ളൂ. അതുകൊണ്ട് ആ കാര്യങ്ങളെക്കുറിച്ച് കൂടുതലായി ഞാൻ പിന്നീട് സംസാരിക്കാം. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1986-ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

Shri. Varkala Radhakrishnan:—Sir, I move the following Amendments:

(1) The figures proposed to be substituted in column (4) against Sl. No. 57 of the Parent Act by item (2) (d) of clause 2 shall be deleted.

(2) The entry proposed to be substituted in column (2) against Serial Number 100 C of the First Schedule by item ( ) (e) of clause 2 shall be deleted.

(3) The words proposed to be inserted in the entry in column (2) against Serial No. 121 of the Parent Act by item (?) (g) of clause 2 shall be deleted.

ഈ ഭേഗതികൾ അവതരിപ്പിച്ചുകൊണ്ട് പൊതുവായി നികുതി നിർദ്ദേശങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. 1963-ലെ പൊതുവിൽപ്പന നികുതി നിയമത്തിനു ഭേഗതി വരുത്തിക്കൊണ്ടാണ് ഈ ഭേഗതി നിയമം കൊണ്ടുവന്നിട്ടുള്ളത്. അന്ന് 1963-ലെ നിയമം നിലവിൽവരുമ്പോൾ ഗവൺമെന്റിന്റെ ലക്ഷ്യം എന്തായിരുന്നുവെന്ന് ചോദിച്ചാൽ, നിലവിലുള്ള നികുതി ഘടനയിൽ ലഘൂകരണം വരുത്തുകയെന്നതായിരുന്നു. അങ്ങനെ നികുതി ഘടന ലഘൂകരിക്കുന്നതിനുവേണ്ടി ഒരു ഹൈ ലെവൽ കമ്മിറ്റിയെ ഗവൺമെന്റ് നിയമിച്ചു. ആ ഹൈ ലെവൽ കമ്മിറ്റി എല്ലാവിവരങ്ങളും ശേഖരിച്ച് റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്തു. ആ കമ്മിറ്റി ഈ രാജ്യത്ത് തെളിവെടുത്ത് ഫൈനലായിട്ട് ഒരു തീരുമാനത്തിൽ എത്തി. ആ തീരുമാനത്തിന്റെയും അതിന്റെ റെക്കമെന്റേഷന്റെയും അടിസ്ഥാനത്തിലാണ് 1963-ലെ പൊതുവിൽപ്പന നികുതി നിയമം പാസ്സാക്കുന്നതിന് തീരുമാനിച്ചത്. ആ നിയമം പാസ്സാക്കുമ്പോഴത്തെ അന്നാക്കെ ഒന്നായിരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഇഷ്യൂ. സങ്കീർണ്ണമായ നമ്മുടെ നികുതി ഘടനയിൽ മാറ്റം വരുത്തുകയെന്നതായിരുന്നു. അങ്ങനെ സങ്കീർണ്ണമായിക്കൊണ്ടിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

നികുതി ഘടനയിൽ മാറ്റം വരുത്തി. എന്നിരുന്നാലും സിമ്പിൾ ടാക്സ്, ഇൻഡയറക്ട് ടാക്സ് തുടങ്ങി വിവിധങ്ങളായ ബഹുമുഖങ്ങളായ വിൽപ്പനനികുതികൾ കടന്നുകൂടിയതിന്റെ ഫലമായി ഇപ്പോഴത്തെ കച്ചവടക്കാരുടെയും മറ്റും അജിറേഷൻസ് നടന്നകാര്യം ഒക്കെ ഗവൺമെൻറിന്റെ ശ്രദ്ധയിലുണ്ടാകും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങനെ ഈ വിൽപ്പന നികുതിയെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ ഇടയിൽ തന്നെ ഈ നികുതി ഘടന പരിഷ്ക്കരിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുകയുണ്ടായി. അതിനുവേണ്ടി നടരാജ് കമ്മീഷനെ നിയമിച്ചു. ആ കമ്മീഷൻ വേണ്ട തെളിവുകളും ശേഖരിച്ചു. അവരും ചില നിർദ്ദേശങ്ങളും ഗവൺമെൻറിന്റെ മുൻപിൽ വച്ചു. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും ഇതുവരെയും നിയമരൂപത്തിൽ കൊണ്ടുവരാൻ ഒരു ഗവൺമെൻറും ഒരു നടപടിയും എടുത്തിട്ടില്ല. ഇന്നും നികുതി ഘടനയിൽ കാര്യമായ മാറ്റങ്ങളും വന്നിട്ടില്ല. ടാക്സ് ഇവേഷൻ അല്ലെങ്കിൽ നികുതി ഒഴുക്കിപ്പോക്ക് ഇന്നും അഭംഗുരം തുടരുകയാണ്. അതുകൊണ്ട് അതിന് ഒരു മാറ്റം വരുത്തേണ്ടതുണ്ട്. എനിക്ക് ഈ അവസരത്തിൽ ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഗവൺമെൻറിനോട് ആവശ്യപ്പെടാനുള്ളത്, കൂടുതൽ ഫലപ്രദമായ നികുതി പിരിവ് കൂടുതൽ ശാസ്ത്രീയമായും, ഫലപ്രദമായും നടത്തുന്നതിനുവേണ്ടിയുള്ള ഭേദഗതികൾ ആ നിയമത്തിൽ വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നാണ്. അല്ലെങ്കിൽ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ആണ്ടോടാണ്ട് നികുതി വെട്ടിപ്പ് ഇനത്തിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കാനിടയുണ്ട്. അതുകൊണ്ട്, ജനറൽ സെയിൽസ് ടാക്സ് ആക്ട് ഭേദഗതി ചെയ്യേണ്ടതാണ്. ഞാൻ ഇവിടെ ഉന്നയിച്ചിരിക്കുന്ന ഭേദഗതികളിൽ ഒന്നാമതായി എനിക്ക് പറയുവാനുള്ളത്, നമ്മുടെ സബ്ജക്ററു കമ്മിററി റിപ്പോർട്ടിൽ ഡിസെൻറ് കൊടുത്തിട്ടുള്ള ആളുകൾ പ്രത്യേകിച്ചും ഗൗരിയമ്മയും, ശ്രീ. സി. ടി. കൃഷ്ണനും, ശ്രീ. കെ. ആർ. ചന്ദ്രമോഹനനും കൊടുത്തിട്ടുള്ള ഡിസെൻറിനെ അടിസ്ഥാനപ്പെടുത്തിയാണ് എന്റെ ഭേദഗതി. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്, നമ്മൾ റിലീഫ് അണ്ടർടേക്കിംഗ്സ് നിയമങ്ങൾ എല്ലാം പാസ്സാക്കുന്ന സമയമാണ്. മിക്കവാറും നമ്മുടെ ചെറുകിട വ്യവസായങ്ങൾ എല്ലാം തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്ന സമയം. ഈ രാജ്യത്തെ ഇൻഡസ്ട്രിയൽ എസ്റേറ്റുകളെല്ലാം ധാരാളം പുതിയപുതിയ ചെറിയ ചെറിയ വ്യവസായങ്ങൾ ആരംഭിച്ചിരിക്കുന്നു. ബ്ലോക്കുകളുമായി ബന്ധപ്പെട്ട് ഗ്രാമപ്രദേശങ്ങളിൽ തുറന്നിരിക്കുന്ന ഈ ചെറിയ വ്യവസായങ്ങളെല്ലാം ഇന്ന് പൂട്ടിക്കിടക്കുകയാണ്. ഒരെണ്ണവും നടത്താൻ കഴിയാത്ത ഒരു സ്ഥിതിയാണ് ഇന്നുള്ളത്. അങ്ങനെ പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ റിലീഫ് അണ്ടർടേക്കിങ്സിന്റെ പരിധിയിൽ വരും. നമുക്ക് എളുപ്പത്തിൽ ഇവരെ ഇതിൽ നിന്നും മാറ്റി കൊണ്ടുവരാൻ സാദ്ധ്യമല്ല. പക്ഷേ പ്രതികൂലമായി ബാധിക്കുന്ന ഈ ലൂബ്രിക്കേറ്റിംഗ് ഓയിലിന് നികുതി ഏർപ്പെടുത്തുന്ന ഈ സമ്പ്രദായം തീർച്ചയായും ചെറുകിട വ്യവസായികളെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതൽ ഭാരം ചുമത്തുന്ന ഒരു ഏർപ്പാടായിരിക്കും. അതുകൊണ്ട്, ഈ ഗവൺമെൻറിനോട് എനിക്ക് പറയുവാനുള്ളത്, ആ നികുതി നിർദ്ദേശം പിൻവലിക്കണം എന്നാണ്. ചെറുകിട വ്യവസായികളെ സഹായിക്കുന്നതിനുള്ള ഒരു നടപടിക്രമം എന്നുള്ള നിലയിൽ ലൂബ്രിക്കേറ്റിംഗ് ഓയിലിന്റെ മേൽ നികുതി ചുമത്തുന്നത് അവസാനിപ്പിക്കണം. ഇതാണ് ഒന്നാമത്തെ ഭേദഗതി. രണ്ടാമത്തെ ഭേദഗതിയും വളരെ പ്രധാനപ്പെട്ടതാണ്. അതിനെക്കുറിച്ച് നേരത്തെ ഇവിടെ സംസാരിച്ചതാണ്. അതിനെ സംബന്ധിച്ചിടത്തോളം എനിക്ക് പറയു

LIBRARY ARCHIVES Kerala Legislative Assembly

വാനുള്ളത്, അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയ സാധനങ്ങളുടെ മേൽ വീണ്ടും ഒരു നികുതി ചുമത്തുന്നത് ഇംമോറലാണ്. It is an immoral tax. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ അതിൻമേൽ മറെറാരു നികുതി വർദ്ധനവ് ഏർപ്പെടുത്തുന്നതിന് യാതൊരു ന്യായീകരണവുമില്ലാത്തതാണ് എന്ന്. കേരള ഹൈക്കോടതിയുടെ വിധി ഇതാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം ഒരു ഫൈനൽ വേർഡിംഗ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അതുകൊണ്ട് നികുതി ഘടനയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ ഇനിയും ഫൈനൽ ആയി തീരുമാനിക്കപ്പെടാത്ത ഒരു കാര്യം സംബന്ധിച്ച് എന്താണ് നമ്മുടെ ഗവൺമെൻറ് ഈ നികുതി നിർദ്ദേശവുമായി വന്നിരിക്കുന്നതെന്നുള്ള കാര്യം എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ആ നികുതി നിർദ്ദേശം പിൻവലിക്കണമെന്നാണ് എൻെറ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഒടുവിൽ ഏറവും പ്രധാനമായിട്ടുള്ളത്, നമ്മുടെ നാട്ടിലെ കൃഷിക്കാരേയും പാവപ്പെട്ട ആളുകളേയും പ്രതികൂലമായി ബാധിക്കുന്ന മറെറാരു നികുതി നിർദ്ദേശം ഇതിനകത്ത് കിടക്കുന്നുണ്ട്. അത് ഇരുമ്പ് കൊണ്ടും ഉരുക്കുകൊണ്ടും ഉണ്ടാക്കുന്ന ചെറിയചെറിയ സാധനങ്ങൾക്ക് നികുതി ചുമത്തുന്നതാണ്. നമ്മുടെ രാജ്യത്തെ പാവപ്പെട്ട ആളുകളെ ബാധിക്കുന്ന കാര്യമാണ്. ആര് എന്തു പറഞ്ഞാലും ഈ രാജ്യത്ത് ഒരു ചെറിയ കെട്ടിടം വച്ചാലും ഒരു സൈക്കിൾ കൊണ്ടുനടന്നാലും അല്ലെങ്കിൽ അതുപോലുള്ള ചെറിയ ചെറിയ സാധനങ്ങൾ കൊണ്ടു നടക്കുന്ന കൃഷിക്കാരേയും സാധാരണക്കാരേയും പ്രതികൂലമായി ബാധിക്കുന്ന ഒരു നികുതി നിർദ്ദേശമാണ്. അതിൽ നിന്നും കിട്ടാവുന്ന സംഖ്യ വളരെ തുച്ഛമാണ്. സാധാരണക്കാരെ അങ്ങേയറ്റം ദ്രോഹിക്കുന്ന ഈ നികുതി നിർദ്ദേശം പിൻവലിക്കണമെന്നാണ് എനിക്ക് ശ്രീ. തച്ചടിയോട് പറയുവാനുള്ളത്. മറ്റ് എന്തെല്ലാം കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിലും ശ്രീ. തച്ചടി, പറഞ്ഞാൽ വിവരം മനസ്സിലാകുന്ന ഒരാളാണെന്നാണ് എൻെറ വിശ്വാസം. അതുകൊണ്ട് കാര്യവിവരം ഉണ്ടെന്ന് ഞാൻ കരുതുന്ന റീസണബിളാണെന്ന് ഞാൻ വിശ്വസിക്കുന്ന ശ്രീ. തച്ചടി പ്രഭാകരൻ, കായംകുളത്ത് മറെറാരു താലൂക്ക് ഉണ്ടാക്കാൻ പോകുന്നതാണല്ലോ? അതിൻെറ പാരമ്പര്യം നിലനിർത്തിക്കൊണ്ട്, മര്യാദയായിട്ട് ഈ നികുതി നിർദ്ദേശങ്ങളെല്ലാം പിൻവലിക്കണമെന്ന്, സ്നേഹബുദ്ധ്യാ അദ്ദേഹത്തെ ഉപദേശിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഭേദഗതികൾ മൂവ് ചെയ്യുകയാണ്.

(1) The following proviso shall be added at the end of sub-clause (2) (d) of clause 2 namely:—

"Provided that it shall not apply when the lubricating oil and greases are purchased for the use of

(1) Cycle

(2) Sewing machine

(3) Pump and Agricultural implements and tillers for the use of farmers".

LIBRARY ARCHIVES Kerala Legislative Assembly

(2) In clause 2 (g) the following proviso may be added at the end namely:—

Provided that it shall not apply to

I. Agricultural implements.

II. Machines made for Small Scale Industries.

III. Kitchen utensils.

IV. Toys intended for children.

പി. വി. സി. തുണികൊണ്ടും മറ്റുമെല്ലാം 1984—ൽ, അന്നത്തെ ഫൈനാൻഷ്യൽ ബില്ലിൽ ടാക്സ് ഏർപ്പെടുത്തി. ഫൈക്കോടതി പറഞ്ഞു, അത് പിരിക്കാൻ പാടില്ലെന്ന്. 1957—ൽ ക്ലോത്ത്, ഷുഗർ, ടുബാക്കോ എന്നിവയ്ക്ക് അഡീഷണൽ എക്സൈസ് ഡ്യൂട്ടി വിട്ടുകൊടുക്കുന്ന അവസരത്തിൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഇനം പിരിക്കുന്ന ഏതെങ്കിലും ഒരു ഐറ്റത്തിൽ സെയിൽസ് ടാക്സ് പിരിക്കാൻ ഇടയായാൽ ആ സംസ്ഥാന ഗവൺമെൻറിന് അഡീഷണൽ എക്സൈസ് ഡ്യൂട്ടി സെൻട്രൽ ഗവൺമെൻറ് കൊടുക്കുന്നത് കൊടുക്കുകയില്ലെന്ന് സുപ്രീംകോടതി പറഞ്ഞു. മുഴുവനും കൊടുക്കുകയില്ല. രണ്ടോ മൂന്നോ ലക്ഷം രൂപയൊന്നുമല്ല. നിങ്ങൾക്ക് അഡീഷണൽ ഡ്യൂട്ടി എത്ര കിട്ടുന്നുണ്ട്? മറ്റ് ഐറ്റങ്ങൾക്കുംപ്പെടെ തരുന്ന അഡീഷണൽ എക്സൈസ് ഡ്യൂട്ടിയിനത്തിലുള്ള രൂപ നിങ്ങൾക്ക് കിട്ടാതെ വരും. നിങ്ങൾ കേസിനൊക്കെ പോയി വക്കീലൻമാരെക്കൊണ്ട് വാദിപ്പിച്ച് മാറ്റുന്നതിലൊന്നും ഞങ്ങൾക്ക് വിരോധമില്ല. ഇങ്ങനെയിട്ടു നീട്ടുകയാണ്. 1984-ൽ അപ്പീൽ കൊടുത്തതാണ്. നീട്ടിനീട്ടി 1987 ആയി. ഇതുവരെ കേസ് ഡിസ്പോസ് ചെയ്തിട്ടില്ല. ഡിസ്പോസ് ചെയ്യാത്തതിന് എന്താണ് കാരണം? അത് ഡിസ്പോസ് ചെയ്യുന്നതുവരെ നിങ്ങൾക്ക് ടാക്സ് ചുമത്തി പിരിക്കുവാൻ പറ്റുകയില്ല. പിരിക്കാൻ പറ്റുന്ന ടാക്സാണെന്നാണ് നിങ്ങൾ പറയുന്നത്. അതുകൊണ്ട് ഇത് പിരിക്കണമെന്നാണ് ഗവൺമെൻറിന്റെ വിചാരം. പക്ഷേ പിരിക്കാൻ പറ്റില്ല. എന്തിനാണ് കൂട്ടുന്നത്? വെറുതെ ആളുകളെ പറ്റിക്കാനാണോ? ഞങ്ങളെയൊക്കെ പറ്റിക്കാനാണോ? പിന്നെ ആളുകളോട് പറയാം ഞങ്ങളിതു പിരിക്കുന്നുവെന്ന്. പി. വി. സി. ക്ലോത്തും, ബാക്കിയുള്ളതുമൊക്കെ ഉണ്ടാക്കുകയും വിൽക്കുകയുമൊക്കെ ചെയ്യുന്നത് പാവപ്പെട്ടവരാണെന്ന് ഞാൻ പറയുന്നില്ല. ഗവൺമെൻറിന് കിട്ടിക്കൊണ്ടിരിക്കുന്ന, സെൻട്രൽ ഗവൺമെൻറ് തരുന്ന അഡീഷണൽ എക്സൈസ് ഡ്യൂട്ടി നിങ്ങൾക്ക് കിട്ടാതെ വരും. പി. വി. സി. ക്ലോത്തിന് നിങ്ങൾ നികുതി പിരിച്ചു നോക്കുക, അപ്പോഴറിയാം. അഡീഷണൽ ഡ്യൂട്ടിയിനത്തിലുള്ള ഒറപ്പൈസ നിങ്ങൾക്ക് കിട്ടാതെ വരും. അതാണ് വ്യവസ്ഥ. നിങ്ങൾ അതേപ്പറ്റി ചിന്തിച്ചിട്ടില്ലായിരിക്കാം. അഡീഷണൽ എക്സൈസ് ഡ്യൂട്ടിവിട്ടുകൊടുത്ത അവസരത്തിൽ ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി ഞാനായിരുന്നു; നിങ്ങളുടെ അറിവിനുവേണ്ടി പറയുന്നതാണ്. ടുബാക്കോ, ഷുഗർ, തുണി ഇവയൊക്കെ വിട്ടുകൊടുക്കുവാൻ എനിക്ക് സമ്മതമില്ലായിരുന്നു. പക്ഷേ കോൺഗ്രസ്സിന്റെ സംസ്ഥാന ഗവൺമെൻറുകളും മൂന്നിൽ രണ്ടു സംസ്ഥാനങ്ങളിലും പാസാക്കി, ഞങ്ങളുടെ കൈയിൽനിന്ന് കൊണ്ടുപോയി. നിങ്ങൾക്കറിയാം ഞങ്ങൾക്ക് സമ്മതമില്ലായിരുന്നുവെന്ന്. പക്ഷേ അതിലെ വ്യവസ്ഥകൾ നടപ്പിലായി. ഭരണഘടനാപരമായി നമുക്ക് ബാധകമായി. അഡീഷണൽ

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഡ്യൂട്ടി ചുമത്തുന്ന സാധനങ്ങളിൽ ഏതെങ്കിലുമൊരു ഐറ്റത്തിന് സെയിൽസ് ടാക്സ് പിരിച്ചാൽ ആ സംസ്ഥാനത്തിന് അഡീഷണൽ ഡ്യൂട്ടിയിനത്തിൽ കിട്ടേണ്ട തുക കിട്ടാതെവരും. അതാണ് ഞാൻ പറഞ്ഞത്. മറ്റു വിധത്തിൽ അല്ല.

അതുപോലെതന്നെ എന്റെ ആദ്യത്തെ ഭേദഗതി പ്രകാരം സൈക്കിളിന് ടാക്സ് വേണ്ട. തയ്യൽ മെഷീന് നികുതി വേണ്ട. ഇപ്പോഴാകട്ടെ ആറുശതമാനമേ ഉള്ളൂ. Other metallic products not included in the schedule എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് ഞാൻ അത് വിട്ടിരിക്കുന്നു. പിന്നെ അഗ്രിക്കൾച്ചറൽ ഇംപ്ലിമെന്റ്സ് ചേർത്തിട്ടില്ല. ഷെഡ്യൂൾ 124-ൽ അഗ്രിക്കൾച്ചറൽ മെഷിനറി ആൻറ് ഇംപ്ലിമെന്റ്സ് ആണ് ഉള്ളത്. അഗ്രിക്കൾച്ചറൽ ഇംപ്ലിമെന്റ്സ് മാത്രമല്ല ഇനിയുമുണ്ട്, ധൃതിയായിട്ട് എഴുതിക്കൊടുത്തതുകൊണ്ടാണ് അതൊന്നും ചേർക്കാൻ കഴിയാതെ പോയത്. ഹൗസ്ഹോൾഡിന് ആവശ്യമായിട്ടുള്ളതും കൂടി ഉണ്ട്. നിങ്ങളും ഓരോലായിട്ട് സ്വീകരിക്കുമെങ്കിൽ ഞാൻ അതുംകൂടി പറയുകയാണ്. ബോൾട്ട്, താഴ്, ജനലിനുവേണ്ടിവരുന്ന കൊളുത്തുകളും തുടങ്ങിയ ചെറിയ ചെറിയ വീട്ടിനാവശ്യമായിട്ടുള്ള സാധനങ്ങൾക്കു പുറമേ ഞാൻ മുമ്പുപറഞ്ഞ കൊയ്ത്തരിവാൾ, കുന്താലി, മൺവെട്ടി, തൂമ്പ തുടങ്ങിയ ഹാൻഡ്മെയിഡ് സാധനങ്ങൾക്ക്.....

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ഇതുപോലെയുള്ള സാധനങ്ങളെല്ലാം ഹാൻഡ്മെയിഡാണ്. അതിനിപ്പോഴത്തന്നെ സെയിൽസ് ടാക്സില്ല. ഇതെല്ലാം കൊല്ലൻമാരുണ്ടാക്കുന്ന സാധനങ്ങളാണ്. ഹാൻഡ്മെയിഡാണ്. അരിവാൾ, മൺവെട്ടി, തൂമ്പ ഇതൊക്കെ ഹാൻഡ്മെയിഡാണ്, ഇതിനൊന്നും സെയിൽസ് ടാക്സില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഹാൻഡ്മെയിഡ് സാധനങ്ങളെ സെയിൽസ് ടാക്സിൽനിന്ന് ഒഴിവാക്കിയെന്ന് ഷെഡ്യൂളിൽ കാണിക്കണ്ടേ? ഷെഡ്യൂളിൽ മാറ്റം വരുത്തേണ്ടേ? നിങ്ങൾ പറയുന്നു ഹാൻഡ്മെയിഡ് സാധനങ്ങൾക്ക് സെയിൽസ് ടാക്സ് ഒഴിവാക്കിയിരിക്കുന്നുവെന്ന്. എങ്കിൽ അതു ഷെഡ്യൂളിൽ കാണണ്ടേ? (ബഹളം).....

ശ്രീ. സി. ടി. കൃഷ്ണൻ: പിക്കാസ് തുടങ്ങിയ സാധനങ്ങൾ ഹാൻഡ്മെയിഡാണെന്ന് പറഞ്ഞല്ലോ? പാലക്കാട് ഫൗണ്ടറി അടിസ്ഥാനത്തിൽ ഫാക്ടറിയായിട്ട് വർക്ക് ചെയ്യുന്നവിവരം അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: അതാണ് ഞാൻ പറഞ്ഞത്. അതിന്റെ ഉറവിടംകൂടി ഞാൻ പറഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം ടാക്സും മറ്റുകാര്യങ്ങളുമെല്ലാം ചെയ്യുമ്പോൾ നമ്മുടെ നാട്ടിലെ കൃഷിക്കാരെ സഹായിക്കുന്ന വിധത്തിലുള്ള ചില നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങളിൽനിന്ന് വ്യതിചലിച്ചുകൊണ്ടാണ് "All metallic products" എന്നു പറഞ്ഞ് കഴിഞ്ഞിട്ട് "other than those specify elsewhere" എന്നു പറഞ്ഞിരിക്കുന്നത്. എൽസ്വെയർ എന്നുപറഞ്ഞിരിക്കുന്നത് അഗ്രിക്കൾച്ചറൽ മെഷിനറി ആൻറ് ഇംപ്ലിമെന്റിന് മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളോടും കുട്ടികളോടും ഒരു സമരനയമാണിപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. സ്ത്രീകളും വീട്ടാവശ്യത്തിലേക്ക് വാങ്ങുന്ന മുഴുവൻ സാധനങ്ങൾക്കും ടാക്സാണ്. പഴയതുപോലെ ഞങ്ങളെല്ലാം ചട്ടിയും കലവും മാത്രമേ വാങ്ങുകയുള്ളുവെന്നാണോ തച്ചടി കരുതുന്നത്. ശ്രീമാൻ തച്ചടിയുടെ വീട്ടിൽമാത്രമേ അത്തരം സാധനങ്ങൾ വാങ്ങിക്കുകയുള്ളോ? അല്ല. നാടോടുമ്പോൾ നടുവേ ഓടണമെന്നാണ് ചൊല്ല്. ഞാൻ മുമ്പ് പറഞ്ഞല്ലോ? പോളിസ്റ്റർ സാരിയില്ലാത്ത ഏതെങ്കിലുമൊരു വീട്. ഇന്നു കാണുമോ? അപ്പോൾ കാലത്തിനനുസരണമായുണ്ടായിവന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നാട്ടിൽ സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ ഉപകരണങ്ങൾ ഇതെല്ലാം സാധാരണക്കാരുടെ വീട്ടിലും വാങ്ങിക്കുന്നുണ്ട്. നിങ്ങൾ എക്സംപ്ഷൻ എഴുതുമോ? സാധാരണക്കാരൻ എന്നുപറഞ്ഞാൽ ആരാണ്? വലിയ ആളുകളുടെ വീട്ടിൽമാത്രമേ ഇത്തരം സാധനങ്ങൾ കാണുകയുള്ളുവെന്ന് ധരിക്കണ്ട. മറ്റുള്ള ആളുകളുടെ വീട്ടിലുമൊക്കെ കാണും. അതുകൊണ്ടാണ് പറഞ്ഞത്. സ്ത്രീകളോടുള്ള ഒരു യുദ്ധപ്രഖ്യാപനമാണിപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഹൗസ്ഹോൾഡ് ആർട്ടിക്കിൾസിനെ ഒഴിവാക്കണം.

I. Agricultural implements.
II. Machines made for Small Scale Industries.
III. Kitchen utensils.
IV. Toys intended for children.

എന്നിവയുടെ കാര്യമാണ് ഞാൻ രണ്ടാമത്തെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്. അതിൽ രണ്ടാമത്തെ ഐറ്റമായ machines made for small scale industries എന്നുള്ളത് വിട്ടുകളയുക. വ്യവസായങ്ങളൊക്കെ തുലയട്ടെ. എനിക്ക് വിരോധമില്ല. അഗ്രിക്കൾച്ചറൽ ഇംപ്ലിമെന്റ്സ് അതുപോലെ തന്നെ Kitchen Utensils, Toys intended for children അവയ്ക്കൊക്കെ ടാക്സ് ഈടാക്കി ശ്രീമാൻ തച്ചടി മനുഷ്യഹൃദയമില്ലാതാകണ്ട. (ബഹളം) വേറെ പല അഭിപ്രായങ്ങളും ഞങ്ങൾ തമ്മിലുണ്ടെങ്കിലും ഈ അഭിപ്രായമില്ല. എന്താണെന്നുവച്ചാൽ ഞങ്ങൾ ഒരു മെമ്മോറാണ്ടം കൊടുത്താൽ അത് കമ്മ്യൂണിസ്റ്റുകാരാണല്ലോ കൊടുത്തതെന്നും പറഞ്ഞ് ഒരു ഡിസ്ക്രിമിനേറ്ററി ആറ്റിറ്റ്യൂഡ് മന്ത്രിക്ക് പാടില്ല. അങ്ങനെയൊന്നും തച്ചടി ചെയ്യുമെന്നുള്ള അഭിപ്രായമെനിക്കില്ല. വേറെ ചില ആളുകളോടുള്ള സൗഹാർദ്ദപരമായ പെരുമാറ്റം, ആളുകളെ ദ്രോഹിക്കണമെന്ന് നിർബന്ധമില്ലാത്ത ആളുകൾ ആ വിധത്തിലൊക്കെ വിചാരിച്ചുകൊണ്ടിരുന്നതാണ്. നിങ്ങൾ ഹൃദയശൂന്യത കാട്ടരുത്. അതാണ് എനിക്ക് പറയുവാനുള്ളത്. സ്ത്രീകളോടും കുട്ടികളോടും യുദ്ധം പ്രഖ്യാപിച്ചിട്ട് ഒരു പുരുഷനും ഈ രാജ്യത്ത് ജീവിക്കാൻ പറ്റുമോ? കുട്ടികളോടും സ്ത്രീകളോടും യുദ്ധം പ്രഖ്യാപിക്കുന്നവിധത്തിലുള്ള ഭേദഗതിയും കൊണ്ടാണ് ശ്രീമാൻ തച്ചടി വന്നിരിക്കുന്നത്. അത് പിൻവലിക്കണമെന്നാണെനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനും ശ്രീമതി ഗൗരിയമ്മയും പറഞ്ഞ രണ്ടു കാര്യങ്ങളെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത് ഇതാണ്. അഗ്രിക്കൾച്ചറൽ ഇംപ്ലിമെന്റ്സിനെ അഡീഷണൽ സെയിൽസ് ടാക്സ് ഈടാക്കുന്നു എന്നാണ് അവരുടെ ആക്ഷേപം. ഇത് വളരെ വ്യക്തമായി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ഉണ്ടാക്കുന്ന 90 ശത മാനം ഹാൻഡ്മെയിഡ് ഫൈറങ്ങളും കൊല്ലൻമാരും മറ്റും ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് കൃഷിക്കാർക്കോ പാവപ്പെട്ട ആളുകൾക്കോ ഒരു പ്രശ്നവും ഉണ്ടാക്കുകയില്ലായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി കെ. ആർ. ഗൗരി അവതരിപ്പിച്ച ആദ്യത്തെ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി കെ. ആർ. ഗൗരി അവതരിപ്പിച്ച രണ്ടാമത്തെ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(താഴെ പറയുന്ന പ്രകാരം സഭ വേർ പിരിഞ്ഞ് വോട്ടെടുപ്പ് നടത്തി.)

അനുകൂലിക്കുന്നവർ—47

1. ശ്രീ. ടി. കെ. അബ്ദു
2. ,, ടി. കെ. ആറുമുഖൻ
3. ,, ബേബിജോൺ
4. ,, കെ. കെ. ബാലകൃഷ്ണൻ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. രേതൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
9. ,, കെ. ചന്ദ്രശേഖരൻ
10. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12. ,, സിറിയക്ക് ജോൺ
13. ശ്രീമതി പി. ദേവൂട്ടി
14. ശ്രീ. കെ. ജെ. ജോർജ്ജ്
15. ശ്രീമതി കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, എം. ജിനദേവൻ
19. ,, ഇ. കെ. നായനാർ
20. ,, എം. കെ. കേശവൻ
21. ,, വി. കേശവൻ
22. ,, സി. ടി. കൃഷ്ണൻ
23. ,, കെ കൃഷ്ണൻ കുട്ടി
24. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
25. ,, കെ. ടി. കുമാരൻ
26. ,, പി. വി. കുഞ്ഞിക്കണ്ണൻ
27. ,, ലോനപ്പൻ നമ്പാടൻ
28. ,, സി. പി. മുസ്സാൻകുട്ടി
29. ,, കെ. മൂസ്സക്കുട്ടി
30. ,, എ. കെ. പത്മനാഭൻ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. കെ. പങ്കജാക്ഷൻ
32. ,, ടി. പി. പീതാംബരൻ മാസ്റ്റർ
33. ,, കെ. പുരുഷോത്തമൻ
34. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
35. ശ്രീ. വർക്കല രാധാകൃഷ്ണൻ
36. ,, വി. കെ. രാജൻ
37. ,, കാനം രാജേന്ദ്രൻ
38. ,, കെ. ശങ്കരനാരായണപിള്ള
39. ,, എ. കെ. ശശീന്ദ്രൻ
40. ,, എ. സി. ഷൺമുഖദാസ്
41. ഡോക്ടർ എ. സുബ്ബറാവു
42. ശ്രീ. എ. വി. താമരാക്ഷൻ
43. ,, സി. കെ. തങ്കപ്പൻ
44. ,, വി. ജെ. തങ്കപ്പൻ
45. ,, എസ്. ആർ. തങ്കരാജ്
46. ,, ആർ. എസ്, ഉണ്ണി
47. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—57

1. ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി
2. ,, ഇ. അഹമ്മദ്
3. ,, കൊരമ്പയിൽ അഹമ്മദ്ഹാജി
4. ,, സി. ടി. അഹമ്മദ്അലി
5. ,, കെ. അവുക്കാദർകുട്ടിനഹ
6. ,, ആർ. ബാലകൃഷ്ണപിള്ള
7. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാവ
9. ,, ബെന്നിബഹനാൻ
10. ,, വി. ദിനകരൻ
11. ,, എം. പി. ഗംഗാധരൻ
12. ,, എ. ജോർജ്ജ്
13. ,, കെ. എം. ഹംസക്കുഞ്ഞ്
14. ,, എം. എം. ഹസ്സൻ
15. ,, എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ
16. ,, എ. എൽ. ജേക്കബ്
17. ,, സി. ജി. ജനാർദ്ദനൻ
18. ,, ടി. എസ്. ജോൺ
19. ,, ജോസ്കുറിയാനി
20. ഡോക്ടർ കെ. സി. ജോസഫ്
21. ശ്രീ. കെ. സി. ജോസഫ്
22. ,, വി. വി. ജോസഫ്
23. ,, കെ. കെ. നായർ
24. ശ്രീമതി എം. കമലം
25. ശ്രീ. കെ. ജി. ആർ. കർത്താ
26. ,, മണിമംഗലത്തു കുട്ട്യാലി
27. ,, ഇ. ജെ. ലൂക്കോസ്

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. കെ. പി. എ. മജീദ്
29. ,, എം. വി. മാണി
30. ,, കെ. മുഹമ്മദാലി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, പി. എ. മുഹമ്മദ്കണ്ണ്
33. ,, പി. വി. മുഹമ്മദ്
34. ,, കെ. എസ്. നാരായണൻ നമ്പൂതിരി
35. ,, കെ. പി. നൂറുദ്ദീൻ
36. ,, സി. വി. പത്മരാജൻ
37. ,, തച്ചടി പ്രഭാകരൻ
38. ,, കെ. രാഘവൻമാസ്റ്റർ
39. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
40. ,, എസ്. രാമചന്ദ്രൻപിള്ള
41. ,, തേറമ്പിൽ രാമകൃഷ്ണൻ
42. ,, കെ. പി. രാമൻ
43. ,, തോപ്പിൽ രവി
44. ,, വയലാർ രവി
45. ,, എൻ. ശക്തൻനാടാർ
46. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
47. ,, കടവൂർ ശിവദാസൻ
48. ,, നാലകത്തു സൂപ്പി
49. ,, കെ. കെ. ശ്രീനിവാസൻ
50. ,, എൻ. ശ്രീനിവാസൻ
51. ,, പന്തളം സുധാകരൻ
52. ,, കോട്ടക്കുഴി സുകുമാരൻ
53. ,, പി. പി. തങ്കച്ചൻ
54. ,, കെ. കെ. തോമസ്
55. ,, പി. കെ. വേലായുധൻ
56. ,, ടി. വി. വിജയരാജൻ
57. ,, സ്റ്റീഫൻ പാദുവ

നിഷ്പക്ഷർ—ഇല്ല.

അനുകൂലിക്കുന്നവർ—47

പ്രതികൂലിക്കുന്നവർ—57

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ശ്രീമതി കെ. ആർ. ഗൗരി അവതരിപ്പിച്ച രണ്ടാമത്തെ ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചതായി പ്രഖ്യാപിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

1986–ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സ്വീകരിച്ചു.

ബിൽ പാസ്സാക്കി.

(2) 1986–ലെ കേരള ധനവിനിയോഗ ബില്ലുകൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, Under Rule 76, Sub-clause (2) proviso ഈ റൂൾ അനുസരിച്ച് കൃത്യമായി രണ്ടു ദിവസം മുൻപ് അപ്രോപ്രിയേഷൻ ബിൽ അംഗങ്ങൾക്ക് ലഭിച്ചിരിക്കണമെന്നാണ് വ്യവസ്ഥ. എന്തിനാണ് രണ്ടു ദിവസം മുൻപ് കിട്ടണമെന്നു പറയുന്നതെന്നുവച്ചാൽ അത് പഠിച്ച് ഞങ്ങൾക്ക് അഭിപ്രായം പറയുന്നതിനുള്ള സമയമാണ്. ആ സമയം നിർഭാഗ്യവശാൽ നമുക്ക് കിട്ടിയില്ല. എനിക്ക് ഇന്നു രാവിലെയാണ് കിട്ടിയത്. അതുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബില്ല് ചട്ടത്തിന് വിരുദ്ധമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. പക്ഷേ അങ്ങേക്കുള്ള അധികാരം ഞങ്ങളുടെ അവകാശം ഇല്ലാതാക്കുന്നതിനുവേണ്ടി വിനിയോഗിക്കരുത് എന്നുള്ള റിമാർക്കോടുകൂടി അങ്ങ് ഇക്കാര്യത്തിൽ തീരുമാനം എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് വളരെ പ്രസക്തമായ ഒരു പോയിന്റാണ് ഉന്നയിച്ചിട്ടുള്ളത്. ആ പോയിന്റിന്റെ പ്രസക്തി ഉൾക്കൊണ്ടു കൊണ്ടുതന്നെ സ്പീക്കറുടെ പ്രത്യേകമായിട്ടുള്ള ഡിസ്ക്രീഷൻ ഉപയോഗിച്ചുകൊണ്ട് മന്ത്രിയെ അനുവദിക്കുകയാണ്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, താഴെപ്പറയുന്ന ബില്ലുകൾ ഞാൻ അവതരിപ്പിക്കുന്നു.

(1) 1986–ലെ കേരള ധനവിനിയോഗ (6–ാം നമ്പർ) ബിൽ.
(2) 1986–ലെ കേരള ധനവിനിയോഗ (7–ാം നമ്പർ) ബിൽ.
(3) 1956–ലെ കേരള ധനവിനിയോഗ (8–ാം നമ്പർ) ബിൽ.
(4) 1986–ലെ കേരള ധനവിനിയോഗ (9–ാം നമ്പർ) ബിൽ.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ കേരള ധനവിനിയോഗ (6–ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: എല്ലാ ബില്ലുകളും ഒരുമിച്ച് ചർച്ച ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly